നിയമ സംസ്കാര കേന്ദ്രത്തിന്റെ

3.00 ക.

# ജനനീതി

ഏപ്രിൽ 2007

# ആദിവാസി സമരവാർഷികം



കലിംഗനഗറിൽ വഴി തടയുന്ന ആദിവാസികൾ
റോഡിലിരുന്ന് ഭക്ഷണം കഴിക്കുന്നു.

120

# പാക് മതഭ്രാന്തന്റെ തോക്കിന്നിരയായ മന്ത്രി


മിസ് സില്ല ഹൂമ ഉസ്മാൻ

പാക് പഞ്ചാബിലെ സാമൂഹ്യക്ഷേമകാര്യ മന്ത്രിയായ മിസ് സില്ല ഹുമ ഉസ്മാൻ (35) ഒരു മതഭ്രാന്തന്റെ തോക്കിന്നിരയായി. ഇസ്ലാമിക രീതിയിൽ വസ്ത്രം ധരിച്ചില്ലെന്നതിന്നാണ് മൊഹമ്മദ് സർവ്വാർ എന്നൊരാൾ മിസ് സില്ലയെ വധിച്ചത്.

ഇസ്ലാമാബാദിൽനിന്ന് 250 കിലോമീറ്റർ തെക്കുകിഴക്കായി സ്ഥിതിചെയ്യുന്ന ഗുജ്റൻവാല എന്ന സ്ഥലത്ത് പാക് മുസ്ലിംലീഗിന്റെ ഒരു യോഗത്തിൽ സംബന്ധിക്കാനെത്തിയപ്പോഴായിരുന്നു മിസ് സില്ലക്കെതിരെ ആക്രമണം നടന്നത്. പാക് പ്രസിഡണ്ട് മുഷാരഫിനെ അനുകൂലിക്കുന്ന മുസ്ലിംലീഗിന്റെ പ്രവർത്തകർ മന്ത്രിയുടെ മേൽ പനിനീർ പൂക്കൾ വർഷിക്കുന്നതിന്നിടയിൽ അക്രമി അടുത്തുനിന്ന് കൈത്തോക്കെടുത്ത് വെടിവെയ്ക്കുകയാണുണ്ടായത്.

മുഷാരഫിന്റെ ''പുരോഗമനാത്മകമായ ഇസ്ലാമികത്വ''ത്തെ പിന്താങ്ങുന്ന ഒരാളായിരുന്നു മിസ് സില്ല. 2005ൽ ഗുജ്രൻവാലയിൽ സംഘടിപ്പിച്ച ഒരു മിനി മറാത്തോണിൽ മുസ്ലിം വനിതകളേയും പങ്കെടുപ്പിച്ചിരുന്നു. സ്ത്രീകളുടെ ക്ഷേമത്തിന്നായുള്ള പല പദ്ധതികളും ഇവർ ആവിഷ്ക്കരിച്ചു നടപ്പാക്കിയിരുന്നു.

പാക്കിസ്ഥാനിലെ യാഥാസ്ഥിതിക വിഭാഗങ്ങളിൽപെട്ട ഒരാളാണ് അക്രമിയെന്ന് പോലീസ് പറഞ്ഞു. ഇതിന്നുമുമ്പും ഇയാൾ സ്ത്രീകളുടെ നേരെ അക്രമങ്ങൾ കാണിച്ചിട്ടുണ്ടത്രെ. യാഥാസ്ഥിതിക ഇസ്ലാമിക ആചാരങ്ങളനുസരിക്കാത്ത സ്ത്രീകളെയെല്ലാം ഇയാൾ അസാന്മാർഗ്ഗികളായിട്ടാണ് ചിത്രീകരിക്കാറുള്ളത്.

2002ലെ തിരഞ്ഞെടുപ്പിൽ ജയിച്ച ശേഷമാണ് മിസ് സില്ല മുഷാരഫിന്റെ മുസ്ലിം ലീഗിൽ ചേർന്ന് മന്ത്രിയായത്. ഇസ്ലാമിക തീവ്രവാദത്തെ ചെറുക്കാൻ മുഷാരഫ് അനുവർത്തിച്ചുവരുന്ന മിതവാദ നയത്തിന്റെ ആരാധികയായിരുന്നു മിസ് സില്ല. സ്ത്രീകളുടെ അവകാശങ്ങൾക്കുവേണ്ടിയുള്ള പ്രസ്ഥാനങ്ങളിൽ ഇവർ സജീവമായി പങ്കെടുത്തുവന്നിരുന്നു.

ആത്മാർത്ഥതയുള്ള, പ്രതിജ്ഞാബദ്ധയായ ഒരു രാഷ്ട്രീയ നേതാവായിരുന്നു മിസ് സില്ലയെന്ന് പ്രധാനമന്ത്രി ഷൗക്കത്ത് അസീസ് പറഞ്ഞു. ❑

ജനനീതി

ഏപ്രിൽ 2007
**120**

പത്രാധിപർ:

**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:

**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എസ്. മനോജ്കുമാർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**

**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**

Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

# എം.പി. മാരും ഭരണപരിഷ്കാര കമ്മീഷനും

**കേ**ന്ദ്രഗവർമ്മേണ്ട് നിയോഗിച്ചിരുന്ന രണ്ടാം ഭരണപരിഷ്കാരകമ്മീഷന്റെ നിർദ്ദേശങ്ങളിൽ രണ്ടെണ്ണം സാർവ്വത്രികമായ പിന്തുണ ലഭിച്ചിട്ടുള്ളവയാണ്. എന്നാൽ ഈ രണ്ടു നിർദ്ദേശങ്ങളും നടപ്പാക്കാനിടയില്ല; കാരണം എം.പി.മാർക്കതിൽ നിക്ഷിപ്ത താല്പര്യമുണ്ടെന്നതുതന്നെ.

ഉന്നത സ്ഥാനങ്ങളിലെ അഴിമതിയെക്കുറിച്ച് അന്വേഷിക്കാൻ ഒരു ദേശീയ ലോകായുക്തയെ നിയമിക്കുന്നതിന്ന് ഭരണഘടന ഭേദഗതി ചെയ്യണമെന്നതാണ് എം. വീരപ്പ മൊയ്‌ലി ചെയർമാനായുള്ള കമ്മീഷൻ നിർദ്ദേശിക്കുന്നത്. ഇതൊരു പുതിയ ആശയമല്ല. നാലു ദശകങ്ങൾക്കുമുമ്പ്, 1968 ൽ ഇതേ ലക്ഷ്യത്തോടുകൂടിയ ഒരു ലോകപാൽ ബിൽ പാർലിമെന്റിൽ അവതരിപ്പിച്ചിരുന്നു. പക്ഷെ ഒന്നും സംഭവിച്ചില്ല. പാർലിമെന്റിന്റെ കാലാവധി കഴിയുന്നതോടെ ബിൽ ലാപ്സാകും. പുതിയ പാർലിമെന്റ് നിലവിൽ വരുന്നതോടെ പുതിയ ബില്ലും വരും. അതവിടെ കിടക്കും; ലാപ്സാകും; വീണ്ടും അവതരിപ്പിക്കും. ഇത്തരത്തിൽ എട്ടുതവണ ബിൽ അവതരിപ്പിക്കലും ലാപ്സാക്കലും ഉണ്ടായിട്ടുണ്ട്. ബില്ലിന്റെ പരിധിയിൽ പ്രധാനമന്ത്രിയെക്കൂടി ഉൾപ്പെടുത്തണമോ വേണ്ടയോ എന്ന തർക്കമാണ് ബിൽ പാസാക്കാൻ തടസ്സമായി നിൽക്കുന്നതെന്നാണ് വയ്പ്. പക്ഷെ യഥാർത്ഥ പ്രശ്നം അതല്ല. മിക്ക എം.പി.മാരും ഈ സംവിധാനത്തെ ഭയപ്പെടുന്നു. പുറമേക്ക്

എല്ലാവരും ബില്ലിന്ന് അനുകൂലമാണ്; എന്നാൽ ആന്തരാ എല്ലാവരും എതിരുമാണ്. തന്മൂലം ബിൽ മുന്നോട്ടുപോകുന്നില്ല.

ലോകപാൽ ബിൽ പാസാക്കാൻ സാധിക്കാത്തത് പ്രധാനമന്ത്രിയെ ബില്ലിന്റെ പരിധിയിൽ പെടുത്തുന്നതു സംബന്ധിച്ച തർക്കമാണെന്ന സങ്കല്പത്തിന്മേലാണെന്നു തോന്നുന്നു, പ്രധാനമന്ത്രിയെ ദേശീയ ലോകായുക്തയുടെ പരിധിയിൽനിന്ന് ഒഴിവാക്കാൻ രണ്ടാം ഭരണപരിഷ്കാര കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്. പക്ഷെ അതുകൊണ്ട് പ്രയോജനമൊന്നുമുണ്ടാകാൻ പോകുന്നില്ല. ഒന്നാമത്, നിയമത്തിന്നുമുന്നിൽ സമത്വമെന്നത് ഭരണഘടനയുടെ ഒരു അടിസ്ഥാന തത്വമാണ്. ഇന്ദിരാ ഗാന്ധി പണ്ട് പ്രധാനമന്ത്രിയുടെ തിരഞ്ഞെടുപ്പുകേസ് ഹൈകോടതിയുടെ അധികാരപരിധിയിൽനിന്ന് നീക്കിക്കൊണ്ട് ഭരണഘടന ഭേദഗതിചെയ്തപ്പോൾ സുപ്രീംകോടതി അത് അസാധുവാക്കുകയുണ്ടായി. അതുപോലെ ലോകപാൽ ബില്ലിന്റെ പരിധിയിൽനിന്ന് പ്രധാനമന്ത്രിയെ ഒഴിവാക്കിയാൽ, കോടതി അത് അസാധുവാക്കും. പക്ഷെ അതുമാത്രമല്ല കാര്യം ആദ്യം പറഞ്ഞതുപോലെ ഇത്തരമൊരു അഴിമതിയന്വേഷണ ഏജൻസിയെ എല്ലാവരും ഭയപ്പെടുന്നു. അതുകൊണ്ടുതന്നെ, പ്രധാനമന്ത്രിയെ ഉൾപ്പെടുത്തിയാലും ഇല്ലെങ്കിലും, ദേശീയ ലോകായുക്ത ബിൽ പാസാക്കപ്പെടാൻ പോകുന്നില്ല.

സംസ്ഥാനതലത്തിൽ ഇപ്പോൾതന്നെ ഒരു ഡസനോളം സംസ്ഥാന ലോകായുക്തകൾ പ്രവർത്തിക്കുന്നുണ്ട്. പക്ഷെ സംസ്ഥാന ഗവർമ്മേണ്ടുകളുടെ സഹകരണമില്ലാത്തതിനാൽ ഇവയ്ക്ക് കാര്യമായൊന്നും ചെയ്യാനാവുന്നില്ല. ലോകായുക്തയുടെ പ്രവർത്തനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾപോലും ഏർപ്പെടുത്തിക്കൊടുക്കുന്നില്ല. കർണ്ണാടകത്തിലെ ലോകായുക്തയായിരുന്ന ജ: വെങ്കിടാചലം ഡസൻ കണക്കിന് അഴിമതി വീരൻമാരെ പിടികൂടിയെങ്കിലും അവരെ പ്രോസിക്യൂട്ട് ചെയ്യാൻ ഗവർമ്മേണ്ട് അനുമതി നൽകിയില്ല. ലോകായുക്തയെ വെറുമൊരു അലങ്കാരവസ്തുവാക്കാൻ സർക്കാരിന്നു കഴിയുമെന്നർത്ഥം.

ഭരണപരിഷ്കാരകമ്മീഷന്റെ രണ്ടാമത്തെ നിർദ്ദേശം. എം.പി. മാർക്കും എം.എൽ.എ. മാർക്കും നൽകുന്ന നിയോജക മണ്ഡലവികസനഫണ്ട് നിർത്തലാക്കണമെന്നതാണ്. ഈ ഫണ്ടുകൊണ്ട് നിയോജകമണ്ഡലങ്ങൾക്ക് ഗുണമൊന്നുമില്ലെങ്കിലും എം.പി.മാരിൽ പലർക്കും അതുകൊണ്ട് വലിയ ഗുണമുണ്ട്. ഈ ഫണ്ടിന്റെ വിനിയോഗത്തിന്ന് കമ്മീഷൻ വാങ്ങിയെന്നതിനാണല്ലോ ചില എം.പി.മാരുടെ അംഗത്വം റദ്ദാക്കിയത്. ഇത് അറിയപ്പെട്ട അഴിമതിയാണെങ്കിൽ, അറിയപ്പെടാത്ത അഴിമതി എത്രയുണ്ടാകണം!

കൊക്കിനെപിടിക്കാൻ കൊക്കിന്റെ തലയിൽ അല്പം വെണ്ണ വച്ചാൽ മതി എന്നു പറഞ്ഞ "ബുദ്ധിമാ"നെയാണ് ഭരണപരിഷ്കാര കമ്മീഷന്റെ നിർദ്ദേശങ്ങൾ അനുസ്മരിപ്പിക്കുന്നത്. എം.പി.മാർക്ക് ഹാനികരമായ ഒന്നും ഇവിടെ നടപ്പാകാൻ പോകുന്നില്ല.

❑

# അപ്രത്യക്ഷരാകുന്നവരുടെ അറിയപ്പെടാത്ത കഥകൾ

**ഏ**റ്റുമുട്ടൽ മരണം എന്നത് ഇന്ത്യയിൽ വ്യാപകമാണ്. മുംബായ് നഗരത്തിലാണ് ഏറ്റുമുട്ടൽമരണം സംഭവിച്ചതെങ്കിൽ മരിച്ചവനെ അധോലോക നായകനായി മുദ്രയടിക്കുകയാണ് പതിവ്. ആന്ധ്ര, ഒറീസ തുടങ്ങിയ മധ്യേന്ത്യൻ മേഖലയിൽ ഇത്തരത്തിൽ കൊല്ലപ്പെടുന്നവരെല്ലാം നക്സലുകളാണ്. (ഇവർക്ക് ഈയിടെ മാവോയിസ്റ്റുകൾ എന്ന പുതിയൊരു പേരു വീണിട്ടുണ്ട്) കാശ്മീരിലാണ് പോലീസിന്റേയോ പട്ടാളത്തിന്റേയോ വെടിയേറ്റ് മരിക്കുന്നതെങ്കിൽ, മരിക്കുന്നവൻ ഭീകരനാണ്. ഇതിലെല്ലാം എത്രത്തോളം സത്യമുണ്ടെന്ന് ആരും അന്വേഷിക്കാറില്ല. അക്രമികളെ കൊല്ലുകതന്നെ വേണമെന്നു വിശ്വസിക്കുന്നവരാണ് ഇന്ത്യക്കാരിൽ അധികവും.

കാശ്മീരിൽ പതിനേഴു കൊല്ലമായി ഒരു സുന്ദോപസുന്ദം നടന്നുവരികയാണ്. പാക്കധീന കാശ്മീരിലെ ക്യാമ്പുകളിൽ ഭീകര പ്രവർത്തനത്തിന്നു പരിശീലനം നൽകിയശേഷം കാശ്മീരിലേക്ക് അതിർത്തി കടത്തിവിടപ്പെടുന്ന തീവ്രവാദികളും ഇന്ത്യൻ സൈന്യവും തമ്മിലാണ് നേരിടൽ നടക്കുന്നത്. നിരന്തരം നടന്നുവരുന്ന ഈ സംഘട്ടനങ്ങളിൽ ഇരുപക്ഷത്തും ആൾനാശം സംഭവിക്കാറുണ്ട്. അതിന്നുംപുറമെ നിർദ്ദോഷികളായ പല സാധാരണക്കാരും ഈ സംഘട്ടനങ്ങൾക്കിടയിൽപെട്ട് മരിക്കാറുണ്ട്.

എന്നാൽ ഈ സംഘട്ടനങ്ങളുടെ മറവിൽ പലരും സ്വാർത്ഥതാല്പര്യസംരക്ഷണത്തിന്നായി അറുംകൊലകൾ നടത്തിവരുന്നുണ്ട്. ഇത്തരത്തിൽ ഭീകരരുടെ വകുപ്പിൽപെടുത്തി എഴുതിത്തള്ളിയ അഞ്ചു കൊലപാതകങ്ങളുടെ വിവരങ്ങൾ ഈയിടെ പത്രങ്ങൾ പുറത്തുകൊണ്ടുവരികയുണ്ടായി. ഭീകരരെ പിടികൂടാൻ സഹായിക്കുന്ന പോലീസുകാർക്ക് സമ്മാനം



പർവീണ അഹംഗാർ

നൽകാൻ വ്യവസ്ഥയുണ്ട്. സൈന്യത്തിലാണെങ്കിൽ ഭീകരരെ കൊന്ന ഓഫീസർമാർക്ക് പ്രൊമോഷൻ കിട്ടും. അതിനാൽ സമ്മാനം കൊതിച്ച് പോലീസുകാർ നിർദ്ദോഷികളെ പിടികൂടി പട്ടാള മേധാവിമാർക്ക് നല്കുന്നു. അവർ ആ പാവത്തിനെ വെടിവച്ചുകൊന്ന് ഭീകരനെ വധിച്ചുവെന്ന രേഖയുണ്ടാക്കുന്നു.

പതിനേഴു കൊല്ലംമുമ്പ് തീവ്രവാദികൾ തോക്കും ബോംബുമെടുത്ത് കലാപമാരംഭിച്ചതിന്നുശേഷം ഒട്ടേറെപേർ കൊല്ലപ്പെട്ടതിന്നു പുറമെ ആയിരക്കണക്കിന്നാളുകൾ അപ്രത്യക്ഷരായിട്ടുമുണ്ട്. ഇത്തരത്തിൽ കാണാതായവർക്ക് എന്തുസംഭവിച്ചു എന്നത് ഇന്നും അജ്ഞാതമാണ്. ചോദ്യം ചെയ്യാനായി പോലീസുകാരോ പട്ടാള

ക്കാരോ പിടിച്ചുകൊണ്ടു പോയതിന്നു ശേഷം അപ്രത്യക്ഷരായവരാണ് ഒരു വിഭാഗം.

സമരത്തിൽ പങ്കെടുക്കാനായി വീട്ടിൽ നിന്നിറങ്ങിപ്പോയതിന്നുശേഷം അപ്രത്യക്ഷരായവരാണ് മറ്റൊരു വിഭാഗം. പാക്കധീന കാശ്മീരിലെ പട്ടാളക്യാമ്പുകളിൽ ഭീകരപ്രവർത്തന പരിശീലനം നേടാനായി ഒളിച്ചുപോയിട്ടുള്ളവരും ഏറെയാണ്. ഇതിനെപ്പറ്റിയൊന്നും ഒരു ഏകദേശ കണക്കുപോലും ആരും തയ്യാറാക്കിയിട്ടില്ല.

"അപ്രത്യക്ഷരായവരുടെ മാതാപിതാക്കളുടെ സംഘടന" എന്നപേരിൽ ശ്രീനഗറിൽ ഒരു സംഘടന പ്രവർത്തിക്കുന്നുണ്ട്. ആയിരക്കണക്കിന്നു പേർ അപ്രത്യക്ഷരായിട്ടുണ്ടെന്നേ ഇവർ പറയുന്നുള്ളൂ. പർവീണ അഹംഗാർ എന്ന സ്ത്രീ 1994ൽ ആരംഭിച്ചതാണ് ഈ സംഘടന. 1990 ആഗസ്ത് 18ന്ന് പർവീണയുടെ മകൻ ജാവേദ് അഹമ്മദിനെ പോലീസ് പിടിച്ചുകൊണ്ടുപോയി. പിന്നീടയാളെ കണ്ടിട്ടില്ല. ഒമ്പതാം ക്ലാസിലെ വിദ്യാർത്ഥിയായ മകനെതേടി പർവീണ മുട്ടാത്ത വാതിലുകളില്ല. കോടതിയിൽ സമർപ്പിച്ച ഹേബിയസ് കോർപ്പസ് ഹർജിയും നിഷ്ഫലമായിരിക്കുകയാണ്. പർവീണയെപ്പോലെ മകനേയോ ഭർത്താവിനേയോ കാണാതെ കോടതിയെ ശരണം പ്രാപിച്ചവർ ചേർന്നാണ് സംഘടനക്ക് രൂപം നൽകിയത്.

കാശ്മീരിൽ 1989ന്നുശേഷം കാണാതായവരുടെ എണ്ണം 3744 ആണെന്ന് കാശ്മീർ നിയമമന്ത്രി മുസാഫർ ബേഗ് 2003 മാർച്ചിൽ പറയുകയുണ്ടായി. പക്ഷെ ഇതു ശരിയല്ല. കാശ്മീരിലെ പോലീസ് സ്റ്റേഷനുകളിൽ "ആളെ കാണാനില്ല" എന്നുപറഞ്ഞു ലഭിച്ച പരാതികളുടെ എണ്ണം കൂട്ടിക്കിട്ടിയ തുകയാണിത്. പോലീസുകാർ പിടിച്ചുകൊണ്ടുപോയതിനുശേഷം അപ്രത്യക്ഷരായവരുടെ എണ്ണം 60 മാത്രമാണെന്ന് മുഖ്യമന്ത്രി പിന്നീട് പറയുകയുണ്ടായി.

അപ്രത്യക്ഷരായവരുടെ മാതാപിതാക്കളുടെ സംഘടനയും മനുഷ്യാവകാശ പ്രവർത്തകരും ചേർന്ന് 743 പേരുടെ ഒരു ലിസ്റ്റ് മുഖ്യമന്ത്രിക്ക് നൽകിയിരുന്നു. ഇതിൽ 84 പേർ 2002 നവംബറിന്നും 2003 ആഗസ്തിന്നും ഇടക്ക് അപ്രത്യക്ഷരായവരാണെന്നും അവർ പറഞ്ഞിരുന്നു. ഈ 84 പേരുടെ കാര്യം പോലീസ് ആദ്യം അന്വേഷണത്തിന്നെടുത്തു. ഈ 84ൽ 58 പേരുടെ മേൽവിലാസം മാത്രമേ ശരിയായിട്ടുള്ളൂ. ഇതിൽ 26 പേരെ വീട്ടിൽ കണ്ടെത്തി. മറ്റൊരാളെ ശ്രീനഗർ ജയിലിൽ കണ്ടെത്തി. ശേഷിക്കുന്നവരിൽ രണ്ടു പേരെ തീവ്രവാദികൾ തട്ടിക്കൊണ്ടുപോയതാണ്; ആറുപേർ തീവ്രവാദികളുടെ പക്ഷം ചേർന്നിട്ടുണ്ട്. ചിലർ ഏറ്റുമുട്ടലിൽ മരിച്ചിട്ടുമുണ്ട്.

ഏതായാലും വ്യക്തമായ ഒരു കണക്കും ഇതുവരെ തയ്യാറാക്കപ്പെട്ടിട്ടില്ല. അപ്രത്യക്ഷരാകുന്ന ആളുകൾ പലതരമാണ്. പോലീസ് പിടിച്ചുകൊണ്ടുപോയി കൊല്ലുന്നത് ഒരു വക; തീവ്രവാദികൾ റാഞ്ചിക്കൊണ്ടുപോകുന്നവർ വേറൊരു വക; പാക്കധീന കാശ്മീരിൽ പരിശീലനം നേടാനായി സ്വമേധയാ ഒളിച്ചുപോകുന്നവർ വേറൊരു വക. കാശ്മീരിൽനിന്ന് ഒളിച്ചുകടന്ന ആയിരക്കണക്കിന്ന് ചെറുപ്പക്കാർ പാക്കധീന കാശ്മീരിലെ ക്യാമ്പുകളിലുണ്ടെന്ന് പല പത്രലേഖകരും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിനൊക്കെ ഉത്തരവാദി പോലീസാണെന്ന് പറയാൻ പറ്റില്ല.

ഇന്ത്യൻ സൈന്യം അച്ചടക്കത്തിന്നു പ്രസിദ്ധമാണ്. എന്നാൽ അതിലും ചില ക്ഷുദ്രജീവികൾ ഉണ്ടായെന്നുവരും. ശുഭ്രവസ്ത്രത്തിൽ വീഴുന്ന ചെറിയൊരു ചളി പെട്ടെന്നു ശ്രദ്ധിക്കപ്പെടും. അതിനാൽ കാശ്മീരിൽ അപ്രത്യക്ഷരായവരുടെ ശരിയായൊരു കണക്കുണ്ടാക്കാനും, അവർക്കെന്തു സംഭവിച്ചുവെന്ന് വിശദീകരിക്കാനും അധികൃതർതന്നെ മുകയ്യെടുക്കണം. നാലു ദ്രോഹികൾക്ക് നാടിന്നാകെ ചീത്തപ്പേരുണ്ടാക്കാൻ കഴിയും. നഞ്ഞ് നാനാഴി വേണ്ടല്ലോ. ❑

കവർസ്റ്റോറി

# കലിംഗനഗർ ആദിവാസി സമരവാർഷികത്തിൽ

**- ലീഹ് ടെമ്പർ -**

ഒറീസയിലെ കലിംഗനഗറിൽ പോലീസിന്റെ വെടിയേറ്റുമരിച്ചുവീണ ആദിവാസികളുടെ ചരമവാർഷികത്തിൽ പങ്കെടുക്കാനായി പോകുമ്പോൾ വഴിനീളെ കരിങ്കല്ലുടക്കുന്നതായി കണ്ടു. പുരുഷൻമാരും സ്ത്രീകളുമെന്നല്ല, കുട്ടികൾപോലും ചുറ്റികകൊണ്ട് കരിങ്കല്ലടിച്ചുപൊട്ടിക്കുന്നു. ദിവസം 40 ക. മുതൽ 60 ക. വരെയാണ് ഇവർക്കു നൽകുന്ന കൂലി. വ്യവസായ ശാലകൾ സ്ഥാപിക്കാനായി ഭൂമിയിൽനിന്നും ആട്ടിയിറക്കപ്പെട്ടവർക്ക് ജീവിക്കാനൊരുജോലി.

ഉരുക്കുനിർമ്മാണശാല സ്ഥാപിക്കാനായി ഒറീസാഗവർമ്മേണ്ട് അമ്പതോളം കമ്പനികളുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. ദക്ഷിണ കൊറിയയിലെ പോസ്കോ പോലുള്ള കൂറ്റൻ കമ്പനികളും ഇതിൽപെടും.

2006 ജനുവരിയിൽ ടാറ്റായുടെ ബുൾഡോസർ ആദിവാസികളുടെ നെൽവയലുകളിൽ പ്രവേശിച്ചതോടെയായിരുന്നു കലാപത്തിന്റെ തുടക്കം. ആദിവാസികൾ അമ്പും വില്ലും മഴുവുമായി അവരെ നേരിട്ടു. പോലീസിന്റെ വെടിവെപ്പിൽ 12 ആദിവാസികൾ മരിച്ചു. ആദിവാസികളുടെ ആക്രമണത്തിൽ ഒരു പോലീസുകാരനും കൊല്ലപ്പെട്ടു. മറ്റൊരു ആദിവാസി പിന്നീട് ആസ്പത്രിയിൽ വച്ചും മരിക്കുകയുണ്ടായി. തുടർന്ന് ആദിവാസികൾ ദൈത്താരിയിൽനിന്നും പാറദ്വീപിലേക്കുള്ള റോഡിൽ ഗതാഗതം തടഞ്ഞു.

പോലീസിന്റെ വെടിയേറ്റുമരിച്ചവർക്ക് ഗവർമ്മേണ്ട് പത്തുലക്ഷം ക. വീതം നഷ്ടപരിഹാരം അനുവദിച്ചുവെങ്കിലും ആകെ ഒരാൾമാത്രമേ ആ പണം വാങ്ങിയിട്ടുള്ളൂ. (സാധാരണ അപകടമരണങ്ങൾക്ക് രണ്ടുലക്ഷമാണ് നഷ്ടപരിഹാരമായി നൽകാറുള്ളത്.) കലിംഗനഗറിലെ അനുസ്മരണ സമ്മേളനത്തിൽ പതിമൂന്ന് ആദിവാസികളുടെ സ്മാരകമായി 13 ശിലാസ്തംഭങ്ങൾ നാട്ടുകയുണ്ടായി. എണ്ണായിരത്തോളം പേർ മാത്രമേ സമ്മേളനത്തിൽ പങ്കെടുത്തുള്ളൂ. നക്ഷലുകളാണ് ഇതിന്റെ പിന്നിലെന്ന പ്രചാരണമാണ് ആളുകളെ ഭയപ്പെടുത്തിയതെന്നു തോന്നുന്നു. കലിംഗനഗറിലേക്കുള്ള റോഡുകളിൽ ശക്തമായ പോലീസ് കാവലുണ്ടായിരുന്നു. പുറമെനിന്നുവരുന്നവരെ അങ്ങോട്ടുകടത്തിവിട്ടിരുന്നില്ല.

പ്രകൃതിവിഭവങ്ങൾ ചൂഷണം ചെയ്ത് വ്യവസായവൽകരണം നടപ്പാക്കാൻ വെമ്പുന്ന ഗവർമ്മേണ്ടും അതിനെ എതിർക്കുന്ന ആദിവാസികളും തമ്മിൽ നടന്നുവരുന്ന പോരാട്ടങ്ങളുടെ പ്രതീകമാണ് കലിംഗനഗർ. ഗോത്രവർഗ്ഗമേഖലയിലെ ഭൂമി, ജലം, പ്രകൃതിവിഭവങ്ങൾ, കാട് എന്നിവ ഗോത്രവർഗ്ഗക്കാർക്ക് അവകാശപ്പെട്ടതാണെന്നും അവ ഗവർമ്മേണ്ട് തട്ടിപ്പറിക്കരുതെന്നും ജനങ്ങൾ വാദിക്കുന്നു.

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ വളരുന്നതോടെ കയറ്റുമതിയും ഇറക്കുമതിയും വർധിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ത്യയുടെ മർമ്മ പ്രധാനമായ ഇറക്കുമതികൾ എണ്ണയും പ്രകൃതിവാതകവുമാണ്. ഇവയുടെ ഇറക്കുമതി വർധിച്ചുകൊണ്ടേയിരിക്കുന്നു. എന്നാൽ ഇന്ത്യയിൽ കൽക്കരിയും ഇരുമ്പയിരും ബോക്സൈറ്റും സുലഭമാണ്. വൈദ്യു

തിക്കുവേണ്ടി അണക്കെട്ടുകൾ നിർമ്മിക്കുമ്പോൾ ഒട്ടേറെപേരെ കുടിയിറക്കേണ്ടിവരുന്നു. കൽക്കരി ഇരുമ്പയിര് ബോക്സൈറ്റ് നിക്ഷേപങ്ങളെല്ലാം വനമേഖലയിലാണ്. ഇവ കുഴിച്ചെടുക്കാൻ ആദിവാസികളെ ആട്ടിയോടിക്കേണ്ടിവരുന്നു. ഒറീസയിലെന്നല്ല മറ്റു സംസ്ഥാനങ്ങളിലും സംഘട്ടനങ്ങൾക്ക് കാരണം ഇതാണ്. ഇന്ത്യയിലെ ജനങ്ങളിൽ എട്ടുശതമാനമേ ആദിവാസികളായിട്ടുള്ളൂ. എന്നാൽ വികസനപദ്ധതികളുടെ പേരിൽ കുടിയിറക്കപ്പെട്ടവരിൽ നാല്പതുശതമാനവും ആദിവാസികളാണ്.

ഗവർമ്മേണ്ടും ആദിവാസികളും തമ്മിലുള്ള ഉരസൽ ഏറ്റവുമധികം നടക്കുന്നത് ഒറീസയിലാണ്. ഇന്ത്യയിലെ ഏറ്റവും ദരിദ്രമായ സംസ്ഥാനങ്ങളിലൊന്നായ ഒറീസയിലാണ് ഇന്ത്യയിലെ ക്രോമൈറ്റ് നിക്ഷേപത്തിന്റെ തൊണ്ണൂറ്റിഏഴ് ശതമാനവുമുള്ളത്. അലുമിനീയം നിർമ്മാണത്തിനാവശ്യമായ ബോക്സൈറ്റിന്റെ 71 ശതമാനവും ഇരുമ്പയിര് നിക്ഷേപത്തിന്റെ 33 ശതമാനവും മംഗനീസ് നിക്ഷേപത്തിന്റെ 32 ശതമാനവും ഒറീസയിലാണ്. ഗോത്രവർഗ്ഗങ്ങൾ ജീവിക്കുന്ന വനമേഖലകളിലാണ് ഈ നിക്ഷേപങ്ങളെല്ലാം സ്ഥിതി ചെയ്യുന്നത്. സംസ്ഥാനങ്ങളിലാകെ ഇപ്പോൾ വ്യവസായവൽക്കരണത്തിന്റെ ബഹളമാണ്. കൽക്കരി ഉപയോഗിക്കുന്ന വൈദ്യുതോല്പാദന കേന്ദ്രങ്ങൾ, ഇരുമ്പുനിർമ്മാണ ഫാക്ടറികൾ, അലുമനീയം റിഫൈനറികൾ എന്നിവ സ്ഥാപിതമായിക്കൊണ്ടിരിക്കുന്നു. സ്വദേശി മുതലാളിമാരുടേയും വിദേശി മുതലാളിമാരുടേയും ആർത്തിപൂണ്ട കണ്ണുകൾ നട്ടിരിക്കുന്നത് ആദിവാസി ഭൂമിയിലെ ധാതുനിക്ഷേപങ്ങളിലാണ്.

ഖനനത്തിന് ഭൂമിയെടുക്കുമ്പോൾ നഷ്ടപരിഹാരം കിട്ടും. ഒന്നാമത് വില പേശാനുള്ള ശേഷിവേണം. ആദിവാസികൾക്ക് അതിനൊന്നും കഴിവില്ല. രണ്ടാമത് ഭൂമിക്ക് രേഖവേണം. മിക്ക ആദിവാസികളുടെ കയ്യിലും ഒരു രേഖയും കാണില്ല. അതിന്നും പുറമെ നഷ്ടപരിഹാരം നൽകുന്നത് ഭൂമിക്കാണ്; ഭൂമിയുടെ അടിയിലുള്ള ധാതുനിക്ഷേപത്തിനല്ല. ഭരണഘടനയിലെ അഞ്ചാം പട്ടിക പ്രകാരം ആദിവാസികളുടെ ഭൂമി അന്യാധീനപ്പെടുത്താൻ പാടില്ല. പക്ഷെ ഗവർമ്മേണ്ട് "പൊതുതാൽപര്യ"ത്തിന്റെ പേരുംപറഞ്ഞ് ഭൂമിയെടുക്കുന്നു. പഴയ അകിസിഷൻ നിയമപ്രകാരം "പൊതുതാൽപര്യ"ത്തിനാണെങ്കിൽ ഏതുഭൂമിയും ഗവർമ്മേണ്ടിന് ഏറ്റെടുക്കാം. അങ്ങനെ നിസ്സാരപ്രതിഫലം നൽകി സർക്കാർ ഏറ്റെടുക്കുന്ന ഭൂമി പിന്നീട് ഭീമമായ തുകക്ക് കമ്പനികൾക്ക് വിൽക്കുന്നു. ഉദാഹരണത്തിന്, ഒറീസാവ്യവസായവികസന കോർപ്പറേഷൻ ഏക്കറിന് 15,000 രൂപ മുതൽ 30,000 രൂപ വരെ നൽകിയാണ് കലിംഗനഗറിലെ ഭൂമി ഏറ്റെടുത്തത്. പിന്നീട് 25,000 രൂപ വീതം എക്സ് ഗ്രേഷ്യയായും നൽകി. എന്നാൽ ആ ഭൂമി ടാറ്റമാർക്ക് നൽകിയത് ഏക്കറിന് മൂന്നരലക്ഷം രൂപവച്ചാണ്- ഏക്കറിന് മൂന്നുലക്ഷം ഗവർമ്മേണ്ടിന് ലാഭം. ഈ ഭൂമിക്ക് യഥാർത്ഥത്തിലുള്ള കമ്പോളവില ഏക്കറിന് അഞ്ചുലക്ഷമാണ്- ആ വകയിൽ ടാറ്റമാർക്ക് ഒന്നരലക്ഷം ലാഭം. ടാറ്റമാരുടെ ലാഭം ഇതുമാത്രമല്ല. ഖജനാവിൽനിന്നുള്ള പണംകൊണ്ട് ടാറ്റമാർക്ക് റോഡ്, വെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളെല്ലാം ഗവർമ്മേണ്ട് ഏർപ്പെടുത്തികൊടുക്കുന്നു. കമ്പനിക്കായി കുഴിച്ചെടുക്കുന്ന ധാതു നിക്ഷേപങ്ങൾക്ക് നാമമാത്രമായ റോയൽട്ടി മാത്രം വസൂലാക്കുന്നു. പാരിസ്ഥിതിക പ്രത്യാഘാത അവലോകനം തുടങ്ങിയ നൂലാമാലകളിൽനിന്നെല്ലാം കമ്പനിയെ ഗവർമ്മേണ്ട് മോചിപ്പിക്കുന്നു. ഗവർമ്മേണ്ടിന്റെ വിധേയത്വം ജനങ്ങളോടല്ല, മുതലാളിമാരോടാണെന്നർത്ഥം. ❑

# ഇന്ത്യൻ മുസ്ലീമുകളുടെ സ്വയം കൃതാനർത്ഥം

**- സയ്യിദ് നഖ്‌വി -**

**റേ** ബറേലിക്കടുത്ത മുസ്തഫാബാദ് എന്ന ഞങ്ങളുടെ ഗ്രാമത്തിൽ തറവാട്ടംഗങ്ങളെല്ലാം ഒത്തുചേരുന്ന അവസരങ്ങളിൽ പൊട്ടിക്കാറുള്ള ഒരു ഫലിതമുണ്ട്. എന്റെ സഹോദരൻ ഷാനി ഒരിക്കൽ പാക്കിസ്താനിൽ പോയിരുന്നു. അയാൾ തിരിച്ചെത്തിയപ്പോൾ പാക്കിസ്താനിലെ സ്ഥിതിവിശേഷങ്ങളെപ്പറ്റി മറ്റുള്ളവർ ചോദിച്ചു. "വളരെ നല്ലനാടാണ്, പക്ഷെ സർവ്വത്ര മുസ്ലീമുകളാണ്"-എന്നായിരുന്നു മറുപടി.

പാക്കിസ്താനെന്ന ഇസ്ലാമിക രാജ്യത്തിന്ന് ആക്ഷേപകരമായിട്ടൊന്നും ഇതിലില്ല. താൻ വളർന്നുവന്നത് വിനോദ്മാരുടേയും സതീശൻമാരുടേയും രഞ്ജിത്മാരുടേയും ഇടയിലാണെന്നും മഹമൂദ്മാരും മഖ്സൂദ്മാരും, ദാവൂദ്മാരും മാത്രമുള്ള ഒരു നാട്ടിൽ ജീവിക്കുന്നതിനേക്കാൾ രസകരമായി തോന്നുന്നത് ഇതാണെന്നും മാത്രമാണ് അയാൾ പറഞ്ഞതിനർത്ഥം.

മുസ്ലീമുകൾ ഏറെയുള്ള പാക്കിസ്താൻ പോലും ഷാനിക്ക് അസുഖകരമാണെങ്കിൽ, തനി ഇസ്ലാമികരാജ്യങ്ങളായ സൗദി അറേബിയ, ഇറാൻ തുടങ്ങിയ രാജ്യങ്ങളിൽ ഷാനിക്ക് എത്ര മാത്രം വീർപ്പുമുട്ടൽ തോന്നുമായിരിക്കും.

നഖ്‌വി കുടുംബത്തിന്റെയാകെ സാംസ്കാരിക പശ്ചാത്തലത്തെയാണ് ഷാനി തന്റെ ഹ്രസ്വവാചകത്തിലൂടെ പ്രതിഫലിപ്പിക്കുന്നത്. യു.പി. യിലെ മുസ്താഫാബാദാണ് നഖ്‌വി കുടുംബത്തിന്റെ കേന്ദ്രബിന്ദു. മുഹറത്തിന് കുടുംബാംഗങ്ങളെല്ലാം ഞങ്ങളുടെ ഗ്രാമത്തിൽ എത്തണമെന്നതാണ് അമ്മയുടെ വ്യവസ്ഥ. ആ കുടുംബമേളയുടെ ആകർഷണമാകട്ടെ, കർബല ദുരന്തം സംബന്ധിച്ച ഇതിഹാസ പാരായണവുമാണ്.

പ്രവാചകനായ മുഹമ്മദ് 632 ലാണ് മരിച്ചത്. പ്രവാചകന്നും കുടുംബത്തിനും വലിയൊരു തലവേദനയായിരുന്ന ഗോത്രവർഗ്ഗ ശണ്ഠകൾ 680 ൽ വലിയൊരു ദുരന്തത്തിൽ കലാശിച്ചു. മുഹമ്മദിന്റെ ഇളയ പൗത്രൻ ഹുസൈനും അദ്ദേഹത്തിന്റെ കുടുംബത്തിലെ 72 പേരും അന്ന് കൂട്ടക്കൊലചെയ്യപ്പെട്ടു. ദമാസ്കസ്സിലെ ഒമയ്യദ് ഭരണാധികാരിയായ യാസീദിന്റെ വലിയൊരു സൈന്യത്തെയാണ് ഹുസൈനിന്നു നേരിടേണ്ടിവന്നത്. ഒരു രക്ഷയുമില്ലെന്നറിയാമായിരുന്നിട്ടും തന്റെ പിതാമഹന്റെ വിശ്വാസപ്രമാണങ്ങളിൽനിന്നും വ്യതിചലിക്കുന്നതിനേക്കാൾ ഭേദം മരിക്കുകയാണെന്ന് ഉറച്ചുകൊണ്ട് അദ്ദേഹം പോരാടി.

ഈ ദുരന്തത്തെക്കുറിച്ച് അറബി-പേഴ്സ്യൻ ഭാഷകളിൽ ഇതിഹാസങ്ങൾ വിരചിതമായിട്ടുണ്ട്. അതുപോലെ ഉർദു സാഹിത്യം അതിന്റെ പരമോന്നതിയെ പ്രാപിച്ചതും കർബല ദുരന്തം സംബന്ധിച്ച ഇതിഹാസ രചനയിലൂടെയാണ്. ഉറുദു മഹാകവികളെല്ലാം ഒരു തരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ കർബല ദുരന്തത്തെക്കുറിച്ച് കവിതകൾ രചിച്ചിട്ടുണ്ടെങ്കിലും 19-ാം നൂറ്റാണ്ടിൽ ലഖ്നൗവിൽ ജീവിച്ചിരുന്ന മീർ അനീസിന്റെ കാവ്യമാണ് ഏറ്റവും പ്രശസ്തം.

ഞങ്ങളുടെ സാംസ്കാരിക സങ്കലനത്തെ പ്രതിഫലിപ്പിക്കുന്ന ഒന്നാണ്

അനീസിന്റെ കാവ്യം. വിഷയം മതപരമായിട്ടും ഇത്തരമൊരു സാംസ്കാരിക സമന്വയം കൈവരുത്താൻ കഴിഞ്ഞുവെന്നത് അസാധാരണമാണ്. അനീസിന്റെ കാവ്യത്തിലെ കഥാപാത്രങ്ങളെല്ലാം പ്രവാചകന്റെ കുടുംബാംഗങ്ങൾ തന്നെയാണെങ്കിലും അവരുടെ ഭാഷ, വേഷം, കുടുംബബന്ധ സ്വഭാവം, വിവാഹരീതി, ആചാരങ്ങൾ എന്നിവയെല്ലാം ഞങ്ങളുടെ നാട്ടുകാരുടേതായിരുന്നു. അനീസിന്റെ സ്ത്രീ കഥാപാത്രങ്ങളുടെ സീമന്തരേഖയിൽ ചന്ദനം ചാർത്തിയിരിക്കുന്നതുകാണാം; വരൻമാരുടെ കൈകൾ മൈലാഞ്ചിയിട്ട് നിറം പിടിപ്പിച്ചിരിക്കുന്നു.

ഏതാണ്ട് 150 കൊല്ലമായി നടന്നുവന്നിരുന്ന ഈ മുഹറം ആഘോഷരീതി മാറിക്കൊണ്ടിരിക്കുകയാണിപ്പോൾ. മുഹറത്തിന്ന് ഞങ്ങൾ ഒത്തുചേരുന്ന വലിയ തറവാടിന്റെ മുക്കാൽ ഭാഗവും നാശോന്മുഖമായിരിക്കുന്നു. അമ്മക്ക് വയസ്സ് 90 ആയി. ഷാനിയുടെ സ്ഥിതിയും പരുങ്ങലിലാണ്. ബന്ധുക്കളിൽ പകുതി പേർ കഷ്ടിച്ച് തട്ടിമുട്ടി ജീവിതം കഴിക്കുന്നവരാണ്. ഇതെങ്ങനെ വിശദീകരിക്കും? സച്ചാർ കമ്മിറ്റിയുടെ റിപ്പോർട്ടിൽ പറയുന്നതുപോലെ, മുസ്ലീമുകളുടെ സാമൂഹ്യ-സാമ്പത്തിക അധോഗതിയുടെ പ്രതിഫലനമാണോ ഇത്?

ആണെന്നും അല്ലെന്നും പറയാം. ഷാനി അടുത്ത തവണ പാക്കിസ്താനിൽ പോകുമ്പോൾ ഏതെങ്കിലും മഹ്മുദോ ദാവൂദോ സച്ചാർ കമ്മിറ്റി റിപ്പോർട്ട് എടുത്തു കാണിച്ചാൽ അയാൾ അങ്കലാപ്പിലാകേണ്ടി വരുമോ? തീർച്ചയായും ഇല്ല. ലോകത്തിലെ ഏറ്റവും വലിയ മുസ്ലിം ജനതയിൽ രണ്ടാം സ്ഥാനം ഇന്ത്യയിലെ മുസ്ലീമുകൾക്കാണ്. അവരുടെ സാമൂഹ്യ-സാമ്പത്തിക സ്ഥിതിയെക്കുറിച്ച് പഠിക്കാൻ ഗവർമ്മേണ്ട് ഒരു ഉന്നതാധികാര കമ്മിറ്റിയെ നിയമിക്കുന്നു; കമ്മിറ്റിയുടെ റിപ്പോർട്ട് പൊതുചർച്ചക്കായി നൽകുന്നു. ലോകത്തിൽ മറ്റെവിടെയെങ്കിലും ഇങ്ങനെയൊന്നുണ്ടായിട്ടുണ്ടോ?

മുസ്ലീമുകളെ ഇവിടെ വോട്ടുബാങ്കായി ഉപയോഗപ്പെടുത്തിയിരിന്നുവെന്നത് ശരിയാണ്. ഗുജറാത്തും ബാബറി മസ്ജിദും ഇന്ത്യക്ക് കളങ്കങ്ങളാണെന്നതും ശരി. പക്ഷെ ഇതെല്ലാം തിരഞ്ഞെടുപ്പുരാഷ്ട്രീയത്തിന്റെ ഭവിഷ്യത്തുകളാണ്. ഇവയൊന്നും വിദ്വേഷജന്യമല്ല. ഇതേ ജനാധിപത്യ പ്രക്രിയ ഇവിടത്തെ രാഷ്ട്രീയ-സാമൂഹ്യ മണ്ഡലങ്ങളിൽ ഭൂകമ്പമുണ്ടാക്കിയിട്ടുണ്ട്. പുതിയ സാമൂഹ്യ വർഗ്ഗങ്ങൾ ഇപ്പോൾ അധികാരം കയ്യാളുന്നു; സ്വാധീനം ചെലുത്തുന്നു.

ഈ സന്തുലനത്തിന്നിടയിൽ മുസ്ലീമുകൾ എവിടെ നിൽക്കുന്നു? മുസ്ലീമിന്റെ അധോഗതിക്കുകാരണം അവന്നെതിരായ വിവേചനമാണോ? ഈ അധോഗതിയുടെ കാരണങ്ങളിൽ ചിലത് പത്തൊമ്പതാം നൂറ്റാണ്ടിന്റെ ചരിത്രത്തിൽ തപ്പിയാൽ കാണാം. ഖലീബിനേയും അനീസിനേയുമെല്ലാം സംഭാവന ചെയ്തത് ഈ പത്തൊമ്പതാം നൂറ്റാണ്ടാണ്. വജീദ് അലീഷായേയും (1856) ബഹദൂർഷാ സഫറിനേയും (1858) കൽക്കത്തക്കും റംഗൂണിലേക്കും നാടുകടത്തിക്കൊണ്ട് ബ്രിട്ടീഷുകാർ മാരകമായ പ്രഹരമേൽപ്പിച്ചതും ഈ പത്തൊമ്പതാം നൂറ്റാണ്ടിലാണ്. ചിലർ ബ്രിട്ടീഷുകാരോട് ഒട്ടിനിന്ന് സ്വന്തം സ്ഥാനം രക്ഷിച്ചു; മറ്റുള്ളവർ അനീസിനേയും ഖലീബിനേയും കെട്ടിപ്പിടിച്ചുകിടന്നു. അങ്ങനെ പാശ്ചാത്യ വിദ്യാഭ്യാസത്തിൽനിന്ന് ഒറ്റപ്പെട്ടുപോയി. സർ സയ്യിദിനെപ്പോലുള്ളവർ ഇടപെടുന്നതുവരെ അതായിരുന്നു സ്ഥിതി. അപ്പോഴേക്കും ഇന്ത്യാ വിഭജനം നമ്മെയാകെ പിടിച്ചു കുലുക്കി. ⇨

## അൽഗോറേക്ക് ഓസ്കാർ അവാർഡ്

**ഏ**ഴുകൊല്ലംമുമ്പ് അമേരിക്കൻ പ്രസിഡണ്ട് സ്ഥാനത്തേക്ക മത്സരിച്ചുതോറ്റ വൈസ് പ്രസിഡണ്ട് അൽഗോറെയുടെ ''അസൗകര്യപ്രദമായ ഒരു സത്യം'' എന്ന ഡോക്യുമെന്ററി ഇക്കൊല്ലത്തെ ഓസ്കാർ അവാർഡിന്നർഹമായി.



അൽഗോറേയും ഡൈകാപ്രിയോവും

മനുഷ്യരുടെ ഉപഭോഗാസക്തിമൂലം അന്തരീക്ഷ താപനില ഉയർന്നുകൊണ്ടിരിക്കുന്നതിന്റെ വിപത്തുകളിലേക്ക് ശ്രദ്ധയാകർഷിക്കുന്ന ഒരു ഫിലിമാണിത്.

രണ്ടുകൊല്ലംമുമ്പ്, ഫാരൻഹീറ്റ് 9/11 എന്ന ഡോക്യമെന്ററിയിലെ അഭിനയത്തിന്ന്, ഏറ്റവും മോശമായ അഭിനയത്തിന്നുള്ള അവാർഡ് പ്രസിഡണ്ട് ബുഷിന്നു ലഭിച്ചിരുന്നു.

പരിസ്ഥിതി സംരക്ഷണകാര്യത്തിൽ അൽഗോറേയും ബുഷും വിരുദ്ധ ധ്രുവങ്ങളിൽ നിൽക്കുന്നവരാണ്. അന്തരീക്ഷത്തിലേക്ക് കാർബൺഡയോക്സൈഡ് വിസർജ്ജിക്കുന്നതു തടയാൻ അടിയന്തര നടപടിയെടുക്കാനുള്ള വികസിത രാജ്യങ്ങളുടെ തീരുമാനത്തെ അമേരിക്ക മാത്രം എതിർത്തുവരികയാണ്. അന്തരീക്ഷത്തിലേക്ക് ഏറ്റവുമധികം കാർബൺഡയോക്സൈഡ് വിസർജ്ജിക്കുന്ന രാജ്യമാകട്ടെ അമേരിക്കയാണുതാനും.

അടുത്തകൊല്ലം നടക്കുന്ന പ്രസിഡണ്ട് തിരഞ്ഞെടുപ്പിൽ മത്സരിക്കുമോ എന്ന് നടനും പരിസ്ഥിതി പ്രവർത്തകനുമായ ഡൈ കാപ്രിയോ ചോദിച്ചതിന്ന് വ്യക്തമായ ഉത്തരം നൽകാതെ അൽഗോറെ ഒഴിഞ്ഞുമാറി. താനിനി മത്സരത്തിനില്ലെന്ന് അൽഗോറെ ഇതിന്നുമുമ്പ് പലതവണ പ്രഖ്യാപിച്ചിരുന്നു. ❏

---

വളരെ വൈകിയാണ് നാം ചുമരെഴുത്തു കണ്ടത്. ഞാൻ തന്നെ ഉദാഹരണം. എന്റെ വലിയകുടുംബത്തിൽ ആദ്യമായി "ഇംഗ്ലീഷ്"സ്കൂളിൽ അയക്കപ്പെട്ടത് ഞാനായിരുന്നു. ആധുനിക വിദ്യാഭ്യാസകാര്യത്തിലുണ്ടായ ഈ വിടവാണ് മുസ്ലീം സമൂഹത്തെ പിൻതള്ളിയത്. മറ്റുതരത്തിൽ നോക്കിയാൽ അത്ഭുതാവഹമായ പരീക്ഷണങ്ങൾ നടക്കുന്ന നാടാണിത്. ഇവിടെ ഒരു മുസ്ലീം രാഷ്ട്രപതിയായിരിക്കുന്നു; ഒരു സിക്കുകാരൻ പ്രധാനമന്ത്രിയാണ്; ദളിതൻ ചീഫ് ജസ്റ്റീസാണ്; പ്രധാന രാഷ്ട്രീയ കക്ഷിയുടെ നേതാവ് ക്രിസ്ത്യാനിയാണ്; സ്പീക്കറായിരിക്കുന്നതാകട്ടെ ഒരു കമ്യൂണിസ്റ്റുകാരനും. ലോകത്തിലെ ഏറ്റവും വലിയ സാംസ്കാരിക വൈവിധ്യത്തിന്റെ നിദർശനമാണ് ഇന്ത്യ. ഷാനിയുടെ പതഞ്ഞുപൊന്തുന്ന ആത്മവിശ്വാസത്തിന്റെ മർമ്മം ഇതാണ്.

❏

# ഗുജറാത്തിൽ ഇപ്പോഴും 30,000 അഭയാർത്ഥികൾ

**- ഡിയോനി ബുൻഷ -**

**ക്യാ**മ്പ് ജീവിതമെന്നത് പലർക്കും വിശ്രമവും വിനോദവുമാണ്. എന്നാൽ മെഹ്ദി ഹുസ്സേയിനിന്ന് അതൊരു ജീവിതരീതിയാണ്. കഴിഞ്ഞ അഞ്ചു കൊല്ലമായി അദ്ദേഹം വടക്കൻ ഗുജറാത്തിലെ മൊഡാസ പട്ടണ പരിസരത്തിലുള്ള ഒരു ദുരിതാശ്വാസ ക്യാമ്പിലെ ഒരു കൂരയിൽ കഴിഞ്ഞുകൂടുന്നു. പൊടി നിറഞ്ഞ മൈതാനത്തിലെ അനേകം കൂടാരങ്ങളിലൊന്നിൽ അദ്ദേഹം എട്ട് കുടുംബാംഗങ്ങളോടൊപ്പം ഞെരുങ്ങിക്കഴിയുന്നു. മെഹ്ദിയുടെ മൂന്നു പുത്രിമാർ ചിലവീടുകളിൽ വീട്ടുപണിക്കുപോകുന്നുണ്ട്. മാസം 200 രൂപവീതം മൂന്നുപേർക്കും കിട്ടും. അതുകൊണ്ടാണ് ആ കുടുംബം കഴിഞ്ഞുകൂടുന്നത്.

മെഹ്ദി, അംലൈ ഗ്രാമക്കാരാനാണ്. 2002 ലെ വർഗീയകലാപകാലത്ത് ഗ്രാമത്തിലെ 62 വീടുകളും അഗ്നിക്കിരയായി. മെഹ്ദി, കുടുംബാംഗങ്ങളോടൊപ്പം മൊഡാസ പട്ടണത്തിലേക്ക് ഓടിപ്പോന്നു. പിന്നീടദ്ദേഹം തന്റെ ഗ്രാമം കണ്ടിട്ടില്ല. മൊഡാസയിൽ അഭയാർത്ഥികൾക്കായി 100 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒറ്റമുറി വീടുകൾ തയ്യാറാക്കിവരുന്നുണ്ട്. ചില സന്നദ്ധ സംഘടനകളാണ് ഇവ നിർമ്മിക്കുന്നത്. മെഹ്ദിക്ക് ഇനിയും വീട് അനുവദിച്ചു കിട്ടിയിട്ടില്ല.

കലാപത്തിന്നുശേഷം അഞ്ചുകൊല്ലം കഴിഞ്ഞിട്ടും ഗുജറാത്തിൽ ഇപ്പോഴും 81 ദുരിതാശ്വാസക്യാമ്പുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇവയിലെല്ലാംകൂടി 30,000 അഭയാർത്ഥികൾ ജീവിക്കുന്നു. ഇവരുടെ കൂടാരങ്ങൾ സ്ഥിതിചെയ്യുന്നിടത്ത് വെള്ളവും വെളിച്ചവുമൊന്നും ഇനിയും എത്തിയിട്ടില്ല. ഒരു കരാറുകാരനാണ് വെള്ളം നൽകുന്നത്. അതിന്ന് മാസത്തിൽ 30 രൂപ നൽകണം. പക്ഷെ നാനാഭാഗങ്ങളിൽനിന്ന് രക്ഷപ്പെട്ട് എത്തിയ അഭയാർത്ഥികൾക്ക് ഈ ക്യാമ്പുകൾ സുരക്ഷിതത്വം പ്രദാനം ചെയ്യുന്നു; അതാകട്ടെ, വലിയൊരു കാര്യമാണുതാനും.

2002 ഫെബ്രുവരി 27ന് സബർമതി എക്സ്പ്രസ് ഗോധ്ര സ്റ്റേഷനിൽനിന്ന് പുറപ്പെടുമ്പോഴുണ്ടായ അഗ്നിബാധയിൽ 59 യാത്രക്കാർ മരിച്ചിരുന്നു. അഗ്നിബാധയുടെ കാരണം ഇപ്പോഴും വ്യക്തമല്ല. അഗ്നിബാധക്ക് കാരണം യാദൃച്ഛികമാണെന്ന് റെയിൽവേ പറയുന്നു. അയോദ്ധ്യയിൽനിന്നുമടങ്ങുന്ന കർസേവകരെ കൊല്ലാനായി ഭീകരൻമാർ നടത്തിയ ഗൂഡാലോചനയുടെ ഫലമായിരുന്നു അഗ്നിബാധയെന്ന് ഗുജറാത്ത് പോലീസ് പറയുന്നു. അഗ്നിബാധയുണ്ടായി അൽപം മണിക്കൂറുകൾക്കകം തന്നെ, അതൊരു ഭീകരാക്രമണമാണെന്ന് മുഖ്യമന്ത്രി നരേന്ദ്ര മോഡി പ്രഖ്യാപിച്ചു. അടുത്തദിവസം ഗുജറാത്തിലാകെ മുസ്ലീമുകൾക്കെതിരെ ആക്രമണമാരംഭിച്ചു. രണ്ടുമാസത്തിലേറെ നീണ്ടുനിന്ന ആക്രമണങ്ങളിൽ ആയിരത്തിൽപരം പേർ കൊല്ലപ്പെട്ടു; രണ്ടുലക്ഷത്തിൽപരം പേർ ഭവനരഹിതരായി.

അതിന്നുശേഷം കൊല്ലം അഞ്ചുകഴിഞ്ഞു. ഇപ്പോൾ അക്രമണങ്ങളൊന്നുമില്ല. പക്ഷെ ഭയത്തിന്റേയും വിദ്വേഷത്തിന്റേയുമായ ഒരന്തരീക്ഷം ഇന്നും തളംകെട്ടി നിൽക്കുന്നു. ന്യൂനപക്ഷക്കാരെ "ഒരു പാഠം പഠിപ്പിച്ചുകഴിഞ്ഞു". ഹിന്ദുരാഷ്ട്രനിർമ്മാണത്തിനുള്ള "ഹിന്ദുത്വ ലബോറട്ടറി"യായ ഗുജറാത്തിൽ ന്യൂനപക്ഷക്കാർ രണ്ടാംതരം

പൗരൻമാരായി ജീവിക്കണം, ഗുജറാത്തിലേത് ഇന്നൊരു വിഭക്ത സമൂഹമാണ്.ന്യൂനപക്ഷക്കാർക്കെതിരെ വിവേചനം നിലനിൽക്കുന്നു. സാമൂഹ്യമായും സാമ്പത്തികമായും അവർക്ക് ഭ്രഷ്ട് കൽപ്പിച്ചിരിക്കുന്നു. മുസ്ലീമുകൾ ചേരികളിലേക്ക് ആട്ടിയോടിക്കപ്പെട്ടിരിക്കുകയാണ്. അഹമ്മദാബാദ് നഗര പരിസരത്തിലുള്ള മുസ്ലീം ചേരിയായ ജുഹാപുരിയിൽ മൂന്നു ലക്ഷം പേർ താമസിക്കുന്നുണ്ട്. വെള്ളം, വെളിച്ചം തുടങ്ങിയ യാതൊരു സൗകര്യവും അവിടെയില്ല. മുസ്ലീമുകളായ ജഡ്ജിമാർ, ഡോക്ടർമാർ, അഭിഭാഷകർ ബിസിനസ്സുകാർ തുടങ്ങിയവരെല്ലാം ഈ ചേരിയിലേക്ക് ആട്ടിയോടിക്കപ്പെട്ടവരിൽ പെടും. "ഹിന്ദുമേഖല"യിൽ ഒരു മുസ്ലീമിന് ഒരു ഫ്ളാറ്റ് വിൽക്കാൻ പാടില്ല. ജുഹാപുരിയിൽ ഒരൊറ്റ ബാങ്ക്പോലുമില്ല; ഒരൊറ്റ സ്റ്റേറ്റ് ട്രാൻസ്പോർട്ട് ബസുപോലും ആ വഴിക്ക് ഓടുന്നില്ല.

2002 ലെ അക്രമങ്ങൾക്കുശേഷം എല്ലാ നഗരങ്ങളുടേയും പരിസരങ്ങളിൽ മുസ്ലീം ചേരികൾ രൂപം കൊണ്ടിട്ടുണ്ട്. മൊഡാസപോലുള്ള കൊച്ചുപട്ടണങ്ങളുടെ പരിസരങ്ങളിൽ പോലും മുസ്ലീം ചേരികൾ വളർന്നു വന്നിരിക്കുന്നു. അഹമ്മദാബാദിൽ 2002 ലെകൂട്ടക്കൊലയെ അതിജീവിച്ച ചില മുസ്ലീമുകൾ, നഗരത്തിലെ മാലിന്യങ്ങൾ കൊണ്ടുവന്നു നിക്ഷേപിക്കുന്ന പാഴ്ഭൂമിയിലാണ് അടിഞ്ഞുകൂടിയിരിക്കുന്നത്. പാഴ് വസ്തുക്കൾ എരിഞ്ഞമരുമ്പോൾ ഉയരുന്ന പുക ശ്വസിച്ചും മാലിന്യങ്ങൾ കൊത്തിപ്പറക്കുന്ന കാക്കകളുടെ ശല്യം സഹിച്ചും അസഹനീയമായ ദുർഗന്ധത്തിൽ ആറാടിയുമാണ് അവരവിടെ ജീവിക്കുന്നത്. അങ്ങനെ അവിടെ ഒരു മുസ്ലീം ചേരി രൂപം കൊണ്ടു. വിരോധാഭാസമെന്നുപറയട്ടെ, മുനിസിപ്പാലിറ്റി അതിനിട്ടിരിക്കുന്ന പേര് "സിറ്റിസൻ നഗർ" എന്നാണ്.

2002ലെ അക്രമികൾ ഇപ്പോൾ അധികാരം കയ്യാളുന്നു; അക്രമത്തിന്നിരയായവരാകട്ടെ ജയിലിൽ കിടക്കുന്നു. 2002 ൽ ഏറ്റവും ഭീകരമായ അതിക്രമങ്ങൾ നടന്നത് "നിരോദപതിയ" എന്ന സ്ഥലത്താണ്. ഇതുസംബന്ധിച്ച കേസിലെ പ്രതിയാണ് ബാബു ബജ് രംഗി. ഇയാളുടെ ഇപ്പോഴത്തെ തൊഴിൽ പെൺകുട്ടികളെ വേട്ടയാടലാണ്. മുസ്ലീമുകളെ വിവാഹം കഴിച്ച ഹിന്ദു യുവതികളെ ഇയാൾ ബലമായി പിടിച്ചുകൊണ്ടുവരുന്നു. താൻ ഇതിന്നകം 706 യുവതികളെ "രക്ഷിച്ച"തായി ഇയാൾ ഈയിടെ അവകാശപ്പെടുകയുണ്ടായി, ഈയിടെ റിലീസ് ചെയ്ത "പഴ്സാനിയ" എന്ന ഫിലിം പ്രദർശിപ്പിക്കുന്നതിന്നെതിരെ ഇയാൾ താക്കീത് നൽകിയതിനാൽ ഗുജറാത്തിലെ തീയ്യറ്റർ ഉടമകൾ ആ ഫിലിം പ്രദർശിപ്പിക്കേണ്ട എന്നുവച്ചിരിക്കുകയാണ്.

2002ലെ അക്രമങ്ങൾ സംബന്ധിച്ച കേസിലെ സാക്ഷികൾ നിരന്തരം ഭീഷണിക്കിരയായിക്കൊണ്ടിരിക്കുന്നു. പല സാക്ഷികളേയും കള്ളക്കേസിൽ കുടുക്കി ജയിലിലടച്ചിട്ടുണ്ട്. ബസ്റ്റ് ബേക്കറി കേസ് പ്രസിദ്ധമാണല്ലോ. 2002 ലെ വർഗ്ഗീയ കലാപം സംബന്ധിച്ച് ചാർജ് ചെയ്യപ്പെട്ട4,252 കേസുകളിൽ പകുതിയും തെളിവില്ലെന്നുപറഞ്ഞ് പോലീസ് അവസാനിപ്പിക്കുകയാണുണ്ടായത്. വാസ്തവത്തിൽ തെളിവുകളെല്ലാം നശിപ്പിച്ചത് പോലീസ്തന്നെയാണ്. ദൃക്സാക്ഷികളുടെ മൊഴി രേഖപ്പെടുത്താൻപോലും വിസമ്മതിച്ച അനേകം സംഭവങ്ങളുണ്ട്. ഒടുവിൽ സുപ്രീംകോടതിക്ക് ഇടപെടേണ്ടിവന്നു. എഴുതിത്തള്ളിയ കേസുകളെല്ലാം പുനരന്വേഷണത്തിന്ന് വിധേയമാക്കണമെന്ന് കോടതി കല്പിച്ചു.

ഗുജറാത്തിൽ എവിടെ ചെന്നാലും "ഹിന്ദുരാഷ്ട്രത്തിലേക്ക് സ്വാഗതം" എന്ന ബോർഡ് കാണാം. എന്നാൽ ഈ സ്വാഗതം എല്ലാവർക്കുമില്ല-ന്യൂനപക്ഷക്കാർ ചേരികളിൽ അന്ധകാരത്തിൽ കഴിയുകയാണ്.

❏

# എം.പി. മാരുടെ നിധി ഭരണഘടനാവിരുദ്ധം

**- എരാ ചെഴിയൻ -**

**എ**ം. പി. മാർക്കും എം.എൽ.എ. മാർക്കും നൽകിവരുന്ന നിയോജകമണ്ഡല വികസന നിധി നിർത്തലാക്കണമെന്ന് എം. വീരപ്പമൊയ്‌ലി ചെയർമാനായുള്ള രണ്ടാം ഭരണപരിഷ്കാര കമ്മീഷൻ ആവശ്യപ്പെട്ടിരിക്കുന്നു. നിയമനിർമ്മാണസഭയുടേയും എക്സിക്യൂട്ടീവിന്റേയും അധികാരവിഭജനം എന്ന തത്വത്തിന് വിരുദ്ധമാണ് ഈ വികസന നിധി.

ഈ പദ്ധതിപ്രകാരം ഓരോ എം.പി. ക്കും കൊല്ലത്തിൽ രണ്ടുകോടി രൂപ അനുവദിക്കുന്നു. എം.പി. ക്ക് അത് സ്വന്തം നിയോജകമണ്ഡലത്തിൽ ഇഷ്ടംപോലെ ചെലവാക്കാം. 1993 ൽ പ്രധാനമന്ത്രി നരസിംഹ റാവുവാണ് ഈ പദ്ധതി നടപ്പാക്കിയത്. പിന്നീട് എം.പി. മാരുടെ വികസന നിധിയുടെ മാതൃകയിൽ വിവിധ സംസ്ഥാനങ്ങളിൽ എം.എൽ.എ. മാർക്കും വികസന നിധി അനുവദിച്ചു.

ജനപ്രതിനിധിയുടെ ഇഷ്ടാനുസരണം ഉപയോഗിക്കാൻ ഖജനാവിൽനിന്ന് പണം നൽകുന്ന ഏർപ്പാട് മറ്റൊരു രാജ്യത്തിലുമില്ലെന്ന് കമ്മീഷൻ ചൂണ്ടിക്കാട്ടുന്നു. നരസിംഹറാവു ഈ പദ്ധതി കൊണ്ടുവന്നപ്പോൾ മാർക്സിസ്റ്റ് നേതാവും ഇപ്പോഴത്തെ ലോകസഭാസ്പീക്കറുമായ സോമനാഥ് ചാറ്റർജി അതിനെ എതിർത്തിരുന്നു. 2005 ജൂലായ് 28 ന്ന് പത്രക്കാരോട് സംസാരിക്കുന്നതിന്നിടയിൽ സോമനാഥ് ചാറ്റർജി തന്റെ നിലപാട് ആവർത്തിക്കുകയുണ്ടായി. പഞ്ചായത്ത് രാജ് നടപ്പാക്കാനുള്ള ഭരണഘടന ഭേദഗതി കേന്ദ്രഗവർമ്മേണ്ട് നടപ്പാക്കിയതോടെയാണ് എം.പി.എം.എൽ.എ. ഫണ്ട് നടപ്പാക്കിയതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ സ്വതന്ത്രമാണ്. എം.പി. മാർക്കും എം.എൽ.എ. മാർക്കും അവിടെ പ്രമാണിത്തം കാണിക്കാനാവില്ല. പഞ്ചായത്ത് രാജ് പദ്ധതിയെ അട്ടിമറിക്കാനുള്ളതാണ് ഈ എം.പി.-എം.എൽ.എ. ഫണ്ട്. എന്ന് അദ്ദേഹം പറഞ്ഞു.

മുൻ ചീഫ് ജസ്റ്റീസ് ജ: ഇ.എസ്. വെങ്കടരാമയ്യയുടെ അഭിപ്രായത്തിൽ ഈ പദ്ധതി ഭരണഘടനയുടെ നേരെയുള്ള ഒരു കയ്യേറ്റമാണ്. ഈ പദ്ധതി നമ്മുടെ ഫെഡറൽ സംവിധാനത്തിൽ ഇടപെടുക മാത്രമല്ല, അധികാര മേഖലകൾ വേർതിരിക്കുക എന്ന തത്വത്തിന് എതിരുമാണ്. ഖജനാവിലെ പണം ചെലവാക്കാനോ ഉദ്യോഗസ്ഥൻമാർക്ക് കല്പന നൽകാനോ ജനപ്രതിനിധികൾക്ക് അധികാരം നൽകുന്ന ഒരു വ്യവസ്ഥയും ഭരണഘടനയിലില്ല. എം.പി. മാർ ഒരു സഭയിൽ ഒന്നിച്ചിരിക്കുമ്പോൾ അത് പരമാധികാര സഭയാകുന്നു; ഒറ്റക്കെടുത്താൽ അവർ മറ്റാരേയും പോലെ ഒരു പൗരൻ മാത്രമാണ് എന്ന് വെങ്കടരാമയ്യ പറഞ്ഞു.

1998 ലേയും 2001 ലേയും ഓഡിറ്റ് റിപ്പോർട്ടുകളിൽ എം.പി. ഫണ്ട് ഭരണഘടനാവിരുദ്ധവും ജനാധിപത്യ വിരുദ്ധവുമാണെന്നു പറഞ്ഞിട്ടുണ്ട്. ഫണ്ടുകൾ ദുരുപയോഗപ്പെടുത്തിയതിന്റെ അനേകം ഉദാഹരണങ്ങൾ അതിൽ ചൂണ്ടിക്കാണിക്കുന്നു. ഇങ്ങനെ അനുവദിക്കുന്ന ഫണ്ടിന് കണക്ക് വക്കാനൊരു സംവിധാനവുമില്ല; അതുകൊ

ണ്ടുതന്നെ ആർക്കും ഉത്തരവാദിത്വമില്ല. ജില്ലകളിൽ ചെലവഴിക്കാതെ കിടക്കുന്ന 3684 കോടി രൂപ തിരിച്ചടച്ചിട്ടില്ല. ഈ ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയ മരാമത്തു പണികളിൽ 11,915 പണികളുടെ വിനിയോഗസർട്ടിഫിക്കറ്റ് ജില്ലാ മേധാവിമാർ ഹാജരാക്കിയിട്ടില്ല. എം.പി.മാരുടെ ശുപാർശയൊന്നും കൂടാതെ ജില്ലാ ഭരണ മേധാവികൾ 5,587 പണികൾ ഈ ഫണ്ട് ഉപയോഗിച്ച് നടത്തിയിട്ടുണ്ട്. എം. പി. ഫണ്ടുകൊണ്ടു നടത്താൻ പാടില്ലാത്ത പലമരാമത്തു പണികളും നടപ്പാക്കിയിട്ടുണ്ട്. ആരാധനാലയങ്ങളിൽ നടപ്പാക്കിയ പണികൾ അനുവദനീയമല്ലെന്നല്ല 27-ാം അനുഛേദമനുസരിച്ച് ഭരണഘടനാവിരുദ്ധവുമാണ്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ ഈ പദ്ധതി പാടെ പുനരവലോകനം ചെയ്യണമെന്ന് 2001ലെ ഓഡിറ്റ് റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരുന്നു.

എം.പി. മാരുടെ ഫണ്ടിന്റെ വിനിയോഗം മനസ്സിലാക്കാനായി പ്ലാനിങ്ങ് കമ്മീഷൻ 2001 ൽ ഒരു വിലയിരുത്തൽ സംഘത്തെ നിയോഗിച്ചിരുന്നു. ഈ ഫണ്ട് ഉപയോഗിച്ചു നടപ്പാക്കിയ പല പണികളും ഈ സംഘം പരിശോധിച്ചു. പല എം.പി. മാർക്കും അവർ നിർദ്ദേശിച്ച മരാമത്തു പണിയെപ്പറ്റി വിവരമില്ലെന്ന് സംഘത്തിന്റെ റിപ്പോർട്ടിൽ പറയുന്നു. നിയോജകമണ്ഡലത്തിലെ ആവശ്യങ്ങൾ നോക്കിയൊന്നുമല്ല പണികൾക്ക് ശുപാർശചെയ്യുന്നത്. എം.പി. മാരോട് അടുപ്പമുള്ളവർ ആവശ്യപ്പെടുന്ന പണികൾക്കാണ് ശുപാർശചെയ്യുന്നത്. ഒരു പണിക്കു ശുപാർശ നൽകുകയും അതിന്നുള്ള പണം അനുവദിക്കുകയും ചെയ്താൽ പിന്നെ അതിനെന്തുസംഭവിക്കുന്നുവെന്ന് ആരും അന്വേഷിക്കാറില്ല. എം.പി. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചതായി പറയുന്ന പലതും നേരിട്ടു പരിശോധിച്ചപ്പോൾ, അവിടെ ഒന്നും കണ്ടില്ലെന്നും റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്.

വേണ്ടത്ര മേൽനോട്ടമില്ലാത്തതുകൊണ്ട്, പദ്ധതിയുടെ നടത്തിപ്പിൽ നാനാതരം ക്രമക്കേടുകൾ ഉണ്ടാകുന്നുണ്ട്. കംട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച കാര്യങ്ങളോ പ്ലാനിങ് കമ്മീഷന്റെ അവലോകനസംഘം ചൂണ്ടിക്കാണിച്ച കാര്യങ്ങളോ ആരും ശ്രദ്ധിച്ചിട്ടില്ല. ഗവർമ്മേണ്ട് ഒന്നും ചെയ്തിട്ടില്ല; പാർലിമെന്റും ശ്രദ്ധിച്ചിട്ടില്ല. സംസ്ഥാനഗവർമ്മേണ്ടുകൾ ഓരോ എം.എൽ.എ. ക്കും ഒന്നോ രണ്ടോ കോടി രൂപ വീതം വാർഷിക ഗ്രാന്റ് അനുവദിക്കുന്നുണ്ട്. ചില മുൻസിപ്പൽ കോർപ്പറേഷനുകൾ കൗൺസിലർമാർക്ക് വാർഡ് വികസന ഫണ്ട് അനുവദിക്കുന്നുമുണ്ട്.

ഭരണഘടനയുടെ പ്രവർത്തനം അവലോകനം ചെയ്യാനായി മുൻ ചീഫ് ജസ്റ്റീസ് ജ: എം.എൻ. വെങ്കിടാചലയ്യ അധ്യക്ഷനായുള്ള ഒരു നാഷണൽ കമ്മീഷനെ നിയോഗിച്ചിരുന്നു. ഇവർ 2002 ൽ സമർപ്പിച്ച റിപ്പോർട്ടിൽ എം. പി. ഫണ്ട് ഇന്ത്യയുടെ ഫഡറൽ തത്വത്തിന്ന് നിരക്കാത്തതാണെന്നു പറയുന്നു. ഭരണഘടനാ തത്വങ്ങൾക്ക് വിരുദ്ധമായ എം.പി. ഫണ്ട് പദ്ധതി കയ്യോടെ നിർത്തലാക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു.

എം.പി. ഫണ്ട് പദ്ധതിയെ വിവിധ കമ്മീഷനുകളും കമ്മിറ്റികളും മാത്രമല്ല എതിർത്തിട്ടുള്ളത്; വിവിധ കക്ഷികളുടെ നേതാക്കൻമാരും ഇതിന്നറുതിവരുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്,. എം.പി. ഫണ്ട് ദുരുപയോഗപ്പെടുത്തിയതു സംബന്ധിച്ച് 2003 ഡിസംബർ 10 ന്ന് രാജ്യസഭയിൽ ഒരു ഹ്രസ്വ ചർച്ച നടത്തിയിരുന്നു. അന്നു പ്രതിപക്ഷനേതാവായിരുന്ന മൻമോഹൻ സിങ് ഇങ്ങനെ താക്കീത് നൽകി; "നിങ്ങൾ ഇതിങ്ങനെ അനുവദിച്ചാൽ ജനങ്ങൾക്ക്

# രാഷ്ട്രീയ നേതാക്കൻമാരെ നടുക്കിയ രണ്ടുവിധികൾ

**ഒ**രുകൈകൊണ്ട് തലോടുകയും മറുകൈകൊണ്ട് തല്ലുകയും ചെയ്യുന്ന രണ്ടു വിധികൾ ഈയിടെ സുപ്രീംകോടതിയിൽനിന്നും പുറത്തുവരികയുണ്ടായി. ജനുവരി പത്താംതിയ്യതിയായിരുന്നു ഒന്നാമത്തെ വിധി. പാർലിമെന്റിന്നും നിയമസഭകൾക്കും അവയിലെ അംഗങ്ങളുടെ അംഗത്വം റദ്ദാക്കാൻ അധികാരമുണ്ടോ എന്നും, അങ്ങനെ പുറത്താക്കിയാൽ അതിന്റെ സാധുതയെ പരിശോധിക്കാൻ കോടതിക്കധികാരമുണ്ടോ എന്നതുമായിരുന്നു കോടതിമുമ്പാകെ ഉണ്ടായിരുന്ന പ്രശ്നങ്ങൾ.

പാർലിമെന്റിൽ ചോദ്യങ്ങൾ ചോദിക്കുന്നതിന്നും എം.പി.മാരുടെ വികസന ഫണ്ടിൽ നിന്ന് പണം അനുവദിക്കുന്നതിന്നും ചില എം.പി.മാർ പണം വാങ്ങുന്നത് ഈയിടെ ഒരു ടെലിവിഷൻ ചാനലിൽ സംപ്രേഷണം ചെയ്യുകയുണ്ടായി. ഇതിനെത്തുടർന്ന് പത്ത് ലോകസഭാംഗ

⇨

രാഷ്ട്രീയക്കാരിലും ജനാധിപത്യപരമായ ഭരണസമ്പ്രദായത്തിലും വിശ്വാസം നഷ്ടപ്പെടും. ഇത് നമ്മുടെ നിയമസംവിധാനത്തിന്റെ നേരെയുള്ള കൊഞ്ഞനം കാട്ടലുമാണ്."

എം.പി. ഫണ്ട് ഉപയോഗിച്ചുള്ള ചില പണികൾക്ക് ശുപാർശചെയ്തതിന്ന് ചില എം.പി.മാർ കമ്മീഷൻ കൈപറ്റുന്നത് 2005 ഡിസംബറിൽ ഒരു ടെലിവിഷൻ ചാനലിൽ പ്രദർശിപ്പിക്കുകയുണ്ടായി. ഇതിനെത്തുടർന്ന് സ്പീക്കർ പ്രതിപക്ഷനേതാക്കളുമായി കൂടിയാലോചന നടത്തി. എം.പി. ഫണ്ട് എന്ന ഏർപ്പാട് നിർത്തലാക്കണമെന്നാണ് പ്രതിപക്ഷ നേതാവായ എൽ.കെ. അദ്വാനി അന്ന് നിർദ്ദേശിച്ചത്. എം.പി. ഫണ്ടിനായി നീക്കിവക്കുന്ന പണം തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ തിരഞ്ഞെടുപ്പു ചെലവിനായി വകയിരുത്താമെന്നും അദ്ദേഹം നിർദ്ദേശിച്ചു. എം.പി. ഫണ്ട് ഭരണഘടനാവിരുദ്ധമാണെന്നാണ് രാഷ്ട്രീയ ജനതാദളത്തിന്റെ നേതാവായ ഡി.പി. യാദവ് പറഞ്ഞത്. തന്റെ പാർട്ടി എം. പി. ഫണ്ടിന്ന് പാടെ എതിരാണെന്ന് തെലുങ്കുദേശം നേതാവായ കെ. യേരൻ റെഡ്ഡിയും പറഞ്ഞു.

ഭരണമുന്നണിയുടെ മിനിമം പരിപാടി നടപ്പാക്കുന്നതിന്റെ മേൽനോട്ടത്തിന്നായി കോൺഗ്രസ് നേതാവായ സോണിയാഗന്ധി ചെയർ പേഴ്സനായി ഒരു ദേശീയ ഉപദേശക സമിതി പ്രവർത്തിച്ചുവരുന്നുണ്ട്. എം.പി. ഫണ്ട് എന്ന ഏർപ്പാട് നിർത്തലാക്കണമെന്ന് ഈ ഉപദേശകസമിതിയും 2005 ൽ നിർദേശിക്കുകയുണ്ടായി. പ്രാദേശിക വികസനാവശ്യങ്ങൾ നിർണ്ണയിക്കേണ്ടതും നടപടിയെടുക്കേണ്ടതും തദ്ദേശ ഭരണസമിതികളാണെന്നും എം.പി. ഫണ്ട് നേരിട്ട് പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും നൽകിയാൽമതിയെന്നും സമിതി പറയുന്നു.

അങ്ങനെ നേതാക്കന്മാരെല്ലാം എം.പി ഫണ്ട് പദ്ധതിക്കെതിരാണെങ്കിലും അവർക്ക് അവരുടെ എം.പിമാരെ അത് പറഞ്ഞ് ബോധ്യപ്പെടുത്താൻ കഴിയുന്നില്ല. എം.പി.മാരാകട്ടെ, തങ്ങളുടെ സ്വേഛാനുസൃതം ഉപയോഗിക്കാൻ കിട്ടുന്ന പണം കൈവിടാൻ തയ്യാറുമല്ല.

എം.പി. ഫണ്ടിന്റെ ഭരണഘടനാപരമായ സാധുതയെ ചോദ്യം ചെയ്യുന്ന പത്ത് ഹർജികൾ സുപ്രീം കോടതിയിൽ ഇപ്പോൾ പരിഗണനയിലുണ്ട്.

(ഫ്രണ്ട്ലൈനിൽനിന്ന്) ❑

ങ്ങളുടേയും ഒരു രാജ്യസഭാംഗത്തിന്റേയും അംഗത്വം റദ്ദാക്കിയിരുന്നു. ഇതിനെ ചോദ്യം ചെയ്തുകൊണ്ടുള്ളതായിരുന്നു സുപ്രീംകോടതിയുടെ മുമ്പാകെയുള്ള ഹർജികൾ.

തെറ്റുചെയ്യുന്ന ഒരംഗത്തിന്റെ അംഗത്വം റദ്ദാക്കാൻ പാർലിമെന്റിനും നിയമസഭകൾക്കും അധികാരമുണ്ടെന്ന് സുപ്രീംകോടതിയിലെ ഒരഞ്ചംഗ ബഞ്ച്, ഒന്നിന്നെതിരെ നാലു ജഡ്ജിമാരുടെ ഭൂരിപക്ഷത്തോടെ വിധിച്ചു. അതേസമയം പാർലിമെന്റിന്റേയും നിയമസഭകളുടേയും നടപടി പരിശോധിക്കാൻ കോടതിക്കധികാരമില്ലെന്ന വാദം കോടതി തിരസ്കരിക്കുകയും ചെയ്തു. പാർലിമെന്റായാലും നിയമവിരുദ്ധമായി ഒരു തീരുമാനമെടുത്താൽ അതു പരിശോധിക്കാനും അസാധുവാക്കാനും കോടതിക്ക് അധികാരമുണ്ടെന്ന് കോടതി വിധിച്ചു.

പാർലിമെന്റിന്റെ നടപടിയിൽ കോടതികൾ ഇടപെടരുതെന്ന് 212-ാം അനുഛേദത്തിൽ പറയുന്നുണ്ടെങ്കിലും അത് "ക്രമവിരുദ്ധ"മായ നടപടികൾക്കുമാത്രം ബാധകമായതാണ്; "നിയമവിരുദ്ധ"നടപടികൾക്ക് 212-ാം അനുഛേദത്തിന്റെ സംരക്ഷണം ലഭിക്കില്ല. ഒരംഗത്തിന്റെ അംഗത്വം റദ്ദാക്കാൻ പാർലിമെന്റിന്നും നിയമസഭകൾക്കും അധികാരമുണ്ടെങ്കിലും, ആ അധികാരം നിയമവിരുദ്ധമായ വിധത്തിൽ ഉപയോഗിക്കരുതെന്നർത്ഥം.

പാർലിമെന്റിന്റെ ഒരു നടപടി നിയമവിരുദ്ധമാണോ അല്ലയോ എന്നു പരിശോധിക്കാൻ കോടതിക്ക് അധികാരമുണ്ടെന്ന് സുപ്രീം കോടതി 1960ൽ തന്നെ വിധിച്ചിരുന്നതാണ്. എം.പി.മാർക്കും എം.എൽ.എ.മാർക്കും പ്രത്യേകാവകാശങ്ങൾ അനുവദിച്ചിട്ടുണ്ടെന്നത് ശരി തന്നെ; പക്ഷെ ആ അവകാശവും അധികാരവും നിയമാനുസൃതമേ ഉപയോഗിക്കാവൂ; അതുമാത്രമല്ല, അതു നിയമാനുസൃതമാണോ എന്ന് പരിശോധിക്കാൻ കോടതികൾക്ക് അധികാരമുണ്ടുതാനും. പാർലിമെന്റിന്റെ പരമാധികാരമെന്ന സങ്കല്പം ഇവിടെ തകരുന്നു.

കുറച്ചുകാലമായി പാർലിമെന്റും നിയമസഭകളും കോടതികളുടെ നേരെ അനുവർത്തിച്ചുവരുന്ന തെറ്റായ സമീപനത്തെ തിരുത്താൻ ഈ വിധി സഹായകമാകേണ്ടതാണ്. ജനപ്രതിനിധികളായ തങ്ങൾ നിയമത്തിനെല്ലാം അതീതരാണെന്ന ഒരു ധാരണ ഇന്ന് വ്യാപകമായിട്ടുണ്ട്. സുപ്രീംകോടതി തന്നെയാണ് ഇതിന്നുവഴിയൊരുക്കിയത് എന്നതാണ് ഇതിലെ കൗതുകകരമായ വശം. 1958ൽ പട്നയിലെ "സർച്ച് ലൈറ്റ്" എന്ന പത്രത്തിന്നെതിരെ ബീഹാർ നിയമസഭ സ്വീകരിച്ച അവകാശ ലംഘന നടപടികൾ കേസിന്നിടയാക്കി. ജനങ്ങളുടെ മൗലികാവകാശങ്ങൾ, ജനപ്രതിനിധികളടങ്ങിയ നിയമസഭയുടെ പ്രത്യേക അവകാശങ്ങൾക്ക് വിധേയമാണെന്ന് അന്ന് സുപ്രീം കോടതി വിധിച്ചിരുന്നു. 1965ൽ സുപ്രീംകോടതി ഇതു തിരുത്തിയെങ്കിലും അപ്പോഴേക്കും ഇന്ത്യയിലെ രാഷ്ട്രീയസ്ഥിതി ആകെ മാറിയിരുന്നു. 1965 വരെ പാർലിമെന്റും നിയമസഭകളും കോടതികളെ മാനിച്ചിരുന്നു. അവകാശലംഘനം സംബന്ധിച്ച് കോടതിയിൽ കേസുവന്നാൽ നിയമസഭകൾ സ്വപക്ഷം വാദിച്ച് സമർത്ഥിക്കാറുണ്ട്. എന്നാൽ പിന്നീടിതുവരെ എല്ലാ സ്പീക്കർമാരും "കോടതി പുല്ലാണ്" എന്ന മനോഭാവമാണ് അവലംബിച്ചുപോന്നിട്ടുള്ളത്. കോടതിയിൽനിന്നുള്ള സമൻസ് കൈപറ്റാതിരിക്കുന്നത് അഭിമാനകരമായൊരു കാര്യമായി സ്പീക്കർമാർ കരുതിപ്പോരുന്നു. എം.പി.മാരുടെ അംഗത്വം റദ്ദാക്കിയതുസംബന്ധിച്ച കേസിലും സുപ്രീം കോടതിയുടെ സമൻസ് ലോകസഭാസ്പീക്കർ തിരസ്കരിക്കുകയാണുണ്ടായത്.

എന്നാൽ ഇതിനേക്കാളെല്ലാം വലിയൊരു ഭൂകമ്പമാണ് തൊട്ടടുത്ത ദിവസം സുപ്രീംകോടതിയിലുണ്ടായത്. ഇന്ത്യൻ ഭരണഘടനയിൽ ഒരു "ബാലികേറാമല"യുണ്ട് - ഒമ്പതാം പട്ടിക.

പാർലിമെന്റോ നിയമസഭകളോ ഒരു നിയമം പാസാക്കി ഈ ഒമ്പതാം പട്ടികയിൽ കൊണ്ടുവന്നിട്ടാൽ അതവിടെകിടക്കും; സുപ്രീംകോടതിക്കുപോലും അങ്ങോട്ടുതിരിഞ്ഞുനോക്കാൻ അധികാരമില്ല. തങ്ങൾ തല്ലിപ്പടച്ചുണ്ടാക്കിയ നിയമം കോടതി അസാധുവാക്കുമെന്ന് ജനപ്രതിനിധികൾക്ക് ശങ്കയുണ്ടെങ്കിൽ, ആ നിയമം ഈ ഒമ്പതാം പട്ടികയിൽ കയറ്റിയിട്ടാൽ മതി. ഉദാഹരണത്തിന്ന് 1975ൽ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ തിരഞ്ഞെടുപ്പ് അല്ലാഹാബാദ് ഹൈക്കോടതി അസാധുവാക്കിയപ്പോൾ, അതിനെ സാധുവാക്കുന്നതിനുള്ള 39-ാം ഭരണഘടനാഭേദഗതി പാസാക്കിയശേഷം, അത് ഈ ഒമ്പതാം പട്ടികയിൽ കയറ്റിയിടുകയാണുണ്ടായത്.

ഇന്ത്യൻ ഭരണഘടനയുടെ ഒന്നാമത്തെ ഭേദഗതിതന്നെ ഈ ഒമ്പതാം പട്ടികക്കുവേണ്ടിയുള്ളതായിരുന്നു. സ്വാതന്ത്ര്യം നേടിയ ഉടനെ ഇന്ത്യാഗവർമ്മേണ്ട് ജമീന്ദാരി സമ്പ്രദായം അവസാനിപ്പിച്ചു. പല സംസ്ഥാനങ്ങളും ഭൂനയ പരിഷ്കാരങ്ങൾ നടപ്പാക്കാൻ തുടങ്ങി. ചില ജന്മിമാർ അതിനെ ചോദ്യം ചെയ്തു. ഭരണഘടനയിലെ 19(1)(എഫ്) അനുഛേദം സ്വത്തവകാശത്തിന്ന് ഉറപ്പുനൽകുന്നതിനാൽ തങ്ങളുടെ ഭൂസ്വത്ത് പിടിച്ചെടുത്തത് ഭരണഘടനാവിരുദ്ധമാണെന്ന് ജന്മിമാർ വാദിച്ചു. കോടതി അത് ശരിവച്ചു. ഇതിനെ തുടർന്നാണ് ഭരണഘടന ഭേദഗതി ചെയ്തതും.31 (ബി) അനുഛേദം കൂട്ടിച്ചേർത്തതും. ഭൂനയ പരിഷ്കരണനിയമങ്ങളെ സ്വത്തവകാശത്തിന്റെ പേരിൽ ചോദ്യം ചെയ്യുന്നത് തടയാനുള്ളതായിരുന്നു ഈ ഭേദഗതി. 31(ബി)പ്രകാരം കൂട്ടിച്ചേർത്ത ഒമ്പതാം പട്ടികയിൽപെട്ട ഭൂ നിയമങ്ങളെ കോടതിയിൽ ചോദ്യം ചെയ്യാനാകില്ലായിരുന്നു. ആദ്യം 13 ഭൂ നിയമങ്ങളാണ് ഒമ്പതാം പട്ടികയിലുണ്ടായിരുന്നത്. പിന്നീട് ഭൂ നിയമങ്ങൾക്കുപുറമെ പല നിയമങ്ങളും ഒമ്പതാം പട്ടികയിൽ കയറ്റിവിടുകയുണ്ടായി. ഇപ്പോൾ 284 നിയമങ്ങളാണ് ഒമ്പതാം പട്ടികയിലുള്ളത്.

1992ൽ മണ്ഡൽ പ്രശ്നം സംബന്ധിച്ചകേസിൽ അമ്പതുശതമാനത്തിലേറെ സംവരണം പാടില്ലെന്ന് സുപ്രിംകോടതി വിധിച്ചിരുന്നു. എന്നാൽ തമിഴ്നാട്ടിൽ 69 ശതമാനം സംവരണമുണ്ട്. തമിഴ്നാട് ഗവർമ്മേണ്ട് 1993 ൽ ഒരു സംവരണബിൽ പാസാക്കുകയും അത് ഒമ്പതാം പട്ടികയിൽ കയറ്റിയിടുകയും ചെയ്തു. ചിലർ 1994ൽ ഈ നിയമത്തിന്റെ സാധുതയെ ചോദ്യം ചെയ്തുകൊണ്ട് സുപ്രീംകോടതിയിൽ ഒരു ഹർജി സമർപ്പിച്ചിരുന്നു. ഈ ഹർജി പരിഗണിക്കാവുന്നതാണോ അല്ലയോ എന്നതു സംബന്ധിച്ചാണ് ഇതുവരെ വാദം നടന്നിരുന്നത്. 1973നു ശേഷം ഒമ്പതാം പട്ടികയിൽ പെടുത്തിയ നിയമങ്ങളുടെ നിയമ സാധുത കോടതിക്ക് പരിഗണക്കാവുന്നതാണെന്നാണ് സുപ്രീം കോടതി ജനുവരി 11 ന് വിധിച്ചത്. എന്താണീ 1973ന്നു പ്രത്യേകത?

കേരളത്തിലെ കേശവാനന്ദ ഭാരതിയുടെ ഭൂമി സംബന്ധിച്ച ഒരു കേസിൽ സുപ്രീം കോടതി 1973 ഏപ്രിൽ 24ന്ന് വിധിപറഞ്ഞിരുന്നു. ഭരണഘടന ഭേദഗതി ചെയ്യാൻ പാർലിമെന്റിന്ന് അധികാരമുണ്ടെന്നും എന്നാൽ ഭരണഘടനയുടെ അടിസ്ഥാന ഘടനക്ക് ക്ഷതം വരുത്തുന്ന വിധം ഭേദഗതി പാസാക്കാൻ പാർലിമെന്റിന്നധികാരമില്ലെന്നുമായിരുന്നു പ്രസ്തുത വിധി. ഇതോടെ ഭരണഘടനാഭേദഗതിക്കുള്ള പാർലിമെന്റിന്റെ അധികാരം പരിമിതമായി.

ഭരണഘടനയുടെ അടിസ്ഥാന ഘടന എന്ന സങ്കല്പം നിലവിൽവന്നത് ഈ വിധിയോടുകൂടിയാണ്. ഈ വിധിവരെ ഒമ്പതാം പട്ടികയിൽ കയറ്റിയ നിയമങ്ങളെയെല്ലാം കോടതി അംഗീകരിക്കുന്നു; എന്നാൽ 1973 ഏപ്രിൽ 24ന്നു ശേഷം ഒമ്പതാം പട്ടികയിൽപെടുത്തിയ നിയമങ്ങൾ ഭരണഘടനയുടെ അടിസ്ഥാനഘടനക്ക് ക്ഷതമേൽപ്പിക്കുന്നതാണോ എന്ന് പരിശോധിക്കാൻ കോടതിക്ക്

അധികാരമുണ്ടെന്നതാണ് ജനുവരി 11 ലെ വിധിയുടെ കാതൽ.

ഒരു നിയമം ഒമ്പതാം പട്ടികയിൽ പെടുത്തണമോ വേണ്ടയോ എന്നു നിർണ്ണയിക്കുന്നതിന്ന് യാതൊരു മാന ദണ്ഡവും നിശ്ചയിച്ചിട്ടില്ലെന്ന് കോടതി ചൂണ്ടിക്കാട്ടുന്നു. രാഷ്ട്രീയക്കാർക്ക് പല വിധ സമ്മർദ്ദങ്ങൾക്കും വിധേയരാകേ ണ്ടിവരും. ഈയിടെ കേരളത്തിൽ സ്വാശ്രയവിദ്യാഭ്യാസനിയമം പാസാക്കി യപ്പോൾ അത് ഒമ്പതാം പട്ടികയിൽപെടു ത്തണമെന്ന ആവശ്യം ഉയർന്നുവന്നിരു ന്നു. കേന്ദ്രത്തിലെ സ്ഥിതിയും മഹാക ഷ്ടമാണ്. കരുണാനിധി വരച്ച വരയിൽ നിന്നില്ലെങ്കിൽ പ്രധാനമന്ത്രി മൻമോഹൻ സിങ്ങിന് നാളെ സ്ഥാനം നഷ്ടപ്പെടും. ഇതിന്നുമുമ്പ് വാജ്പേയിയുടെ സ്ഥിതിയും ദയനീയമായിരുന്നു. അന്ന് തെലുങ്കുദേശം നേതാവായ ചന്ദ്ര ബാബു നായിഡുവായിരുന്നു ഭരണയന്ത്ര ത്തിന്റെ ചുക്കാൻ പിടിച്ചിരുന്നതെന്ന വ്യത്യാസമേയുള്ളൂ. കേരളത്തിൽ പണ്ട് ഒരാളുടെ ഒരുവോട്ടിന്നുവേണ്ടി ഒരു ജില്ല തന്നെ രൂപീകരിക്കുകയുണ്ടായല്ലോ. രാഷ്ട്രീയക്കാർ ചില പ്രത്യേക സാഹ ചര്യങ്ങളിൽ അന്തംകെട്ടു പ്രവർത്തിക്കു മെന്നർത്ഥം. പണ്ട് ഒരു ജഡ്ജിയെ കുറ്റ വിചാരണക്ക് വിധേയമാക്കുകയുണ്ടായി. ആ ജഡ്ജി ചെയ്തത് തെറ്റാണെന്ന് സുപ്രീംകോടതിമുതൽക്കിങ്ങോട്ടുള്ളവ രെല്ലാം സമ്മതിച്ചു. പാർലിമെന്റിൽ കുറ്റ വിചാരണയെ എതിർക്കാൻ കാര്യമായി ആരുമുണ്ടായില്ല. എന്നിട്ടും അവസാനം പ്രമേയം വോട്ടിനിട്ടപ്പോൾ ഭരണകക്ഷി ക്കാർ മൗനം പാലിച്ച് പ്രമേയത്തെ നിഷ്ഫലമാക്കിക്കളഞ്ഞു. ഇത്തരം അനുഭവങ്ങൾ ഒട്ടേറെ നമ്മുടെ മുന്നിലു ണ്ടായിരിക്കെ ഒമ്പതാം പട്ടിക എന്ന വജ്രായുധം രാഷ്ട്രീയക്കാർക്ക് നൽകു ന്നത് അപകടകരമാകും.

ഒമ്പതാം പട്ടിക അസാധുവാണെന്ന് കോടതിയുടെ വിധിയിൽ പറയുന്നില്ല. ഒരു നിയമം ഒമ്പതാം പട്ടികയിൽപ്പെടു ത്തിയാൽ അതുഭരണഘടനാവിരുദ്ധ മാണോ എന്നുപരിശോധിക്കാൻ കോട തിക്കധികാരമുണ്ടെന്നുമാത്രമേ വിധി യിൽ പറയുന്നുള്ളൂ. ഒരു നിയമം ഭരണ ഘടനയുടെ അടിസ്ഥാനപരമായ ഘട നക്ക് വിരുദ്ധമാകരുത് എന്ന 1973 ലെ വിധിയാണ് ഇവിടെ പ്രസക്തമാകുന്നത്. എന്താണ് ഭരണഘടനയുടെ അടിസ്ഥാ നപരമായ ഘടന? അഥവാ മൗലിക പ്രമാണം? ഒരു കോടതിയും അത് നിർവ്വ ചിച്ചിട്ടില്ല. പൊതുവെപറഞ്ഞാൽ ഭരണ ഘടനയുടെ മൂന്നാംഭാഗമായ മൗലികാ വകാശങ്ങളാണ് ഭരണഘടനയുടെ മൗലിക പ്രമാണങ്ങൾ. സമത്വത്തിനുള്ള അവകാശം, ജാതി മതം, ലിംഗഭേദം എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവേചനത്തിന്നെതിരായ അവകാശം, അഭിപ്രായപ്രകടന സ്വാതന്ത്ര്യം തുട ങ്ങിയ മൗലികാവകാശങ്ങളാണ് ഇതിൽപെടുന്നത്. പക്ഷെ ഭരണഘടന യുടെ അടിസ്ഥാനപരമായ ഘടന എന്താണെന്ന് കോടതി സുനിശ്ചിത മായി വിധിച്ചിട്ടില്ലതാനും. ഇവിടെയാണ് ആശയക്കുഴപ്പം വരുന്നത്.

അമേരിക്കയിൽ പ്രസിദ്ധമായൊരു ചൊല്ലുണ്ട്. അമേരിക്കൻ ഭരണസംവിധാ നത്തിന്നാധാരം ഭരണഘടനയാണ്; പക്ഷെ ഭരണഘടന എന്താണെന്ന് നിശ്ച യിക്കുന്നത് കോടതിയാണ്. അമേരി ക്കക്ക് ലിഖിതമായൊരു ഭരണഘടനയു ണ്ടെങ്കിലും, ഭരണഘടനയുടെ വ്യവസ്ഥ കളുടെ അർത്ഥം എന്താണെന്ന് വ്യാഖ്യാ നിക്കേണ്ടത് കോടതിയാണ്. അതായ ത്, കാലത്തിന്നും സാഹചര്യങ്ങൾക്കും അനുസൃതമായി വ്യാഖ്യാനങ്ങൾ മാറി മാറി വരുമെന്നർത്ഥം. അതെല്ലാം ജഡ്ജിമാരുടെ വീക്ഷാഗതിയനുസരിച്ച് വ്യത്യാസപ്പെടും.

അപ്പോൾ ഭരണഘടനയുടെ സംരക്ഷ ണഭാരം ആർക്കാകണം? പാർലി മെന്റിന്നോ കോടതികൾക്കോ? ഇതാണി പ്പോഴത്തെ പ്രശ്നം.

❑

# ഭരണഘടനാഭേദഗതിക്ക് ഹിതപരിശോധന

ഇന്ത്യയിലെ രാഷ്ട്രീയരംഗത്ത് രണ്ട് അനിശ്ചിതത്വങ്ങൾ തളംകെട്ടി നിൽപുണ്ട്- ഒന്ന്, പാർലിമെന്റിന്റേയും നിയമസഭകളുടേയും പ്രത്യേകാവകാശങ്ങൾ സംബന്ധിച്ചുള്ളതാണ്. ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങൾ ഏതെല്ലാമാണെന്നതാണ് രണ്ടാമത്തെ അന്ശ്ചിതത്വം.

ഭരണഘടനയുടെ 105-ാം അനുഛേദത്തിലെ ഒന്നാം ഉപവകുപ്പ് എം.പി. മാർക്ക് തികഞ്ഞ അഭിപ്രായപ്രകടന സ്വാതന്ത്ര്യം നൽകുന്നു. അങ്ങനെ പാർലിമെന്റിൽ പറഞ്ഞ ഏതെങ്കിലും കാര്യത്തിന്റെ അടിസ്ഥാനത്തിൽ അവർക്കെതിരെ യാതൊരു നിയമനടപടിയും സ്വീകരിക്കാൻ പാടില്ലെന്ന് 105(2) അനുഛേദത്തിൽ പറയുന്നു. ജനാധിപത്യത്തിന്റെ വിജയത്തിന്ന് ഇത്രയും ആവശ്യമാണെന്നതിന്ന് തർക്കമില്ല. എന്നാൽ ഇതിന്നപ്പുറം 105(3) അനുഛേദപ്രകാരം എം. പി. മാർക്ക് മറ്റു ചില പ്രത്യേകാവകാശങ്ങളും നൽകിയിട്ടുണ്ട്. പക്ഷെ അവയെന്താണെന്നു പറഞ്ഞിട്ടില്ല. ആ അവകാശങ്ങൾ നിശ്ചയിക്കേണ്ടത് പാർലിമെന്റാണെന്നും; പാർലിമെന്റ് അത് ചെയ്യുന്നതുവരെ ബ്രിട്ടീഷ് പാർലിമെന്റിൽ നിലവിലുള്ള പ്രത്യേകാവകാശങ്ങൾ ഇന്ത്യൻ എം.പി. മാർക്കും ഉണ്ടായിരിക്കുമെന്നുമാണ് 105(3) ൽ പറയുന്നത്. എന്നാൽ പാർലിമെന്റ് ഒരിക്കലും ഈ പ്രത്യേകാവകാശങ്ങൾ എന്തെല്ലാമാണെന്ന് വ്യവസ്ഥ ചെയ്തിട്ടില്ല.

ഇതുപോലെത്തന്നെയാണ് ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങളുടെ കഥയും. എന്താണ് ഈ അടിസ്ഥാന തത്വങ്ങളെന്ന് സുപ്രീംകോടതിയുടെ ഒരു വിധിയിലും വ്യക്തമാക്കിയിട്ടില്ല. ഭരണഘടന ഭേദഗതിചെയ്യാനുള്ള പാർലിമെന്റിന്റെ അധികാരം ആദ്യമായി ചോദ്യം ചെയ്യപ്പെട്ടത് 1967ലാണ്. ഭരണഘടന ഭേദഗതിചെയ്യാൻ പാർലിമെന്റിന്നധികാരം നൽകുന്നത് 368-ാം അനുഛേദപ്രകാരമാണ്. എന്നാൽ 1967 ൽ ഗോലക്നാഥ് കേസിൽ പാർലിമെന്റിന്റെ ഈ അധികാരം നിയന്ത്രിക്കപ്പെട്ടു. പതിനൊന്നു ജഡ്ജിമാരടങ്ങിയ വലിയൊരു ബഞ്ചിലാണ് ഈ കേസ് വന്നത്. ഭരണഘടനയിലെ "മൗലികാവകാശങ്ങൾ" ഭേദഗതിചെയ്യാൻ പാർലിമെന്റിന്ന് അധികാരമില്ലെന്ന് കോടതി വിധിച്ചു. അതിലോലമായ ഭൂരിപക്ഷത്തോടുകൂടിയ ഒരു വിധിയായിരുന്നു. ഇത്. ഭരണഘടന ഏതുവിധത്തിൽ ഭേദഗതിചെയ്യാനും പാർലിമെന്റിന്ന് അധികാരമുണ്ടെന്ന നിലപാടാണ് അഞ്ചു ജഡ്ജിമാർ സ്വീകരിച്ചത്; എന്നാൽ "മൗലികാവകാശങ്ങൾ" ഭേദഗതിചെയ്യാൻ പാർലിമെന്റിന്ന് അധികാരമില്ലെന്ന് ആറു ജഡ്ജിമാർ വിധിച്ചു.

ഈ വിധിയുണ്ടാക്കിയ വൈതരണി മറികടക്കാനായി ഗവർമ്മേണ്ട് 1971ൽ 24-ാം ഭരണഘടനാഭേദഗതി പാസാക്കി. മൗലികാവകാശങ്ങളെ ബാധിക്കുന്ന നിയമനിർമ്മാണം നടത്തരുതെന്ന പതിമൂന്നാം അനുഛേദം ഭരണഘടനാഭേദഗതി സംബന്ധിച്ച 368-ാം അനുഛേദത്തിന്നു ബാധകമല്ല എന്നാണ് 24-ാം ഭേദഗതിയിൽ പറയുന്നത്. ലളിതമായ ഭാഷയിൽ പറഞ്ഞാൽ ഭരണഘടനയിലെ ഏതു വ്യവസ്ഥ ഭേദഗതി ചെയ്യാനും പാർലിമെന്റിന്ന് അധികാരമുണ്ടെന്നർത്ഥം.

എന്നാൽ 1973 ലെ കേശവാനന്ദ ഭാരതികേസിൽ സുപ്രീംകോടതി, ഭരണഘടനാഭേദഗതിക്കുള്ള പാർലിമെന്റിന്റെ

അധികാരം പരിമിതപ്പെടുത്തി. അതാണ് പ്രസിദ്ധമായ “അടിസ്ഥാനതത്വ” സിദ്ധാന്തം. 13 ജഡ്ജിമാരടങ്ങിയ ഒരു ബഞ്ചാണ് കേശവാനന്ദ ഭാരതികേസ് കേട്ടത്. മൗലികാവകാശങ്ങൾ ഭേദഗതിചെയ്യാൻ പാർലിമെന്റിന്നധികാരമില്ലെന്ന വിധി ഈ കേസിൽ ചോദ്യം ചെയ്യപ്പെട്ടതിനാലാണ് 13 ജഡ്ജിമാരടങ്ങിയ ഒരു ബഞ്ച് സംഘടിപ്പിക്കേണ്ടിവന്നത്. മൗലികാവകാശങ്ങൾ ഭേദഗതിചെയ്യാനും പാർലിമെന്റിന്നധികാരമുണ്ടെന്ന് കോടതി വിധിച്ചുവെങ്കിലും, ആ ഭേദഗതി ഭരണഘടനയുടെ “അടിസ്ഥാനതത്വ”ങ്ങൾക്ക് എതിരാകരുതെന്ന് നിഷ്കർഷിക്കുകയും ചെയ്തു. പക്ഷെ ഈ “അടിസ്ഥാനതത്വ”ങ്ങൾ ഏതെല്ലാമാണെന്ന് അന്നോ അതിന്നുശേഷമോ കോടതി നിർവ്വചിച്ചിട്ടില്ല.

പാർലിമെന്റിന്റെ പ്രത്യേകാവകാശങ്ങൾ നിർണ്ണയിക്കാൻ പാർലിമെന്റ് കൂട്ടാക്കുന്നില്ല; ഭരണഘടനയുടെ അടിസ്ഥാനതത്വങ്ങൾ എന്തെല്ലാമാണെന്ന് നിർണ്ണയിക്കാൻ കോടതിയും കൂട്ടാക്കുന്നില്ല. ഇതുരണ്ടും തെറ്റാണ്. പാർലിമെന്റിന്നും എം.പി.മാർക്കും പ്രത്യേകാവകാശങ്ങൾ ഉണ്ടെങ്കിൽ അതെന്തെല്ലാമാണെന്ന് നിശ്ചയിക്കാൻ പാർലിമെന്റിന്ന് ചുമതലയുണ്ട്. അതുപോലെ ഭരണഘടനക്ക് ഭേദഗതിചെയ്യാൻ പാടില്ലാത്ത അടിസ്ഥാനതത്വങ്ങളുണ്ടെങ്കിൽ അവ എന്തെല്ലാമാണെന്ന് ഭരണഘടന വ്യാഖ്യാനിക്കാൻ അധികാരമുള്ള ഏക സ്ഥാപനമായ സുപ്രീംകോടതി വ്യക്തമാക്കേണ്ടതുണ്ട്.

ഈ അടിസ്ഥാന തത്വസിദ്ധാന്തത്തിന്ന് കാലഹരണം വന്നുവെന്നാണ് പ്രസിദ്ധ നിയമജ്ഞനായ രാജു രാമചന്ദ്രൻ പറയുന്നത്. പണ്ട് ഇതിന്ന് പ്രസക്തിയുണ്ടായിരുന്നുവെന്ന് അദ്ദേഹം സമ്മതിക്കുന്നു. തന്റെ തിരഞ്ഞെടുപ്പ് സാധുവാക്കുന്നതിന്നായി ഇന്ദിരാഗാന്ധി 1975 ൽ ഭരണഘടനാഭേദഗതി ചെയ്തിരുന്നു. സുപ്രീംകോടതി അത് അസാധുവാക്കിയത് ഈ അടിസ്ഥാന തത്വ പ്രകാരമായിരുന്നു. പക്ഷെ പാർലിമെന്റിനെ കയ്യിലെടുത്തു പന്താടാൻ കഴിവുള്ള ഇന്ദിരാഗാന്ധിമാർ ഇനി ഉണ്ടാവില്ലെന്ന് അദ്ദേഹം പറയുന്നു.

ഈ അടിസ്ഥാനതത്വ സിദ്ധാന്തം പുരോഗതിക്കു തടസ്സമാകുമെന്ന് അദ്ദേഹം ഭയപ്പെടുന്നു. ഇന്നത്തെ പാർലിമെന്ററി സമ്പ്രദായത്തിന്നു പകരം പ്രസിഡൻഷ്യൽ സമ്പ്രദായം നടപ്പാക്കണമെന്ന് പാർലിമെന്റ് ഏകകണ്ഠമായി തീരുമാനിച്ചാലും ഈ “അടിസ്ഥാനതത്വം”വിലങ്ങുതടിയായി വന്നേക്കും. അന്താരാഷ്ട്ര ക്രിമിനൽകോടതി സംബന്ധിച്ച കരാറിലോ അന്താരാഷ്ട്ര മനുഷ്യാവകാശ ട്രിബ്യൂണൽ സംബന്ധിച്ച കരാറിലോ ഇന്ത്യ ഒപ്പിട്ടാൽ, അത് ഇന്ത്യയുടെ പരമാധികാരത്തിൽ വിട്ടുവീഴ്ച ചെയ്യലാകും; അത് അടിസ്ഥാന തത്വത്തിന്റെ ലംഘനമായി കണക്കാക്കിയെന്നുവരും.

ഭരണഘടനയുടെ അടിസ്ഥാനതത്വങ്ങൾ ഏതെല്ലാമാണെന്ന് പാർലിമെന്റ് തന്നെ നിർണ്ണയിക്കുക എന്നതാണ് ഈ നൂലാമാലയിൽനിന്നു രക്ഷപ്പെടാനുള്ള പോവഴി. അതിന്നു പുറമെ, ഭരണഘടനയുടെ അടിസ്ഥാനതത്വങ്ങളിൽ ഭേദഗതിവേണമെന്നുതോന്നുന്നപക്ഷം അക്കാര്യം ഹിതപരിശോധനയിലൂടെ തീരുമാനിക്കാനും ഭരണഘടനയിൽ വ്യവസ്ഥയുണ്ടാക്കണമെന്ന് രാജു രാമചന്ദ്രൻ നിർദ്ദേശിക്കുന്നു.

പല പാശ്ചാത്യ രാജ്യങ്ങളിലും പ്രധാന പ്രശ്നങ്ങൾ ഹിതപരിശോധനക്ക് സമർപ്പിക്കാറുണ്ട്. പൊതു തിരഞ്ഞെടുപ്പിൽ ജയിച്ച് അധികാരത്തിൽവരുന്ന ഒരു കക്ഷിക്ക് ഭരണാധികാരം മാത്രമാണ് സംസിദ്ധമാകുന്നത്. അടിസ്ഥാനപരമായ നയം മാറ്റം വേണമെങ്കിൽ അക്കാര്യം ഹിതപരിശോധനക്കു സമർപ്പിക്കണം. ❑

പ്രതികരണം

# വനാവകാശനിയമം: ചിന്തിക്കേണ്ട കാര്യങ്ങൾ

ജനനീതിയുടെ മാർച്ച് ലക്കത്തിൽ പ്രസിദ്ധീകരിച്ച വനാവകാശ സംബന്ധമായ ലേഖനങ്ങളും മുഖപ്രസംഗവും വായിക്കാനിടയായി. അവയിൽ വന്ന ചില ഭീമാബദ്ധങ്ങളും വസ്തുനിഷ്ഠമായ തെറ്റുകളും ചൂണ്ടിക്കാണിക്കട്ടെ.

2005 ഡിസംബർ വരെ വനം കയ്യേറിയവർക്കെല്ലാം ഭൂമി നൽകണമെന്നും, എല്ലാ കയ്യേറ്റക്കാർക്കും പത്തേക്കർ ഭൂമി നൽകാൻ ബില്ലിൽ വ്യവസ്ഥയുണ്ടെന്നും വിൽക്കാനാകാത്തതും ലാഭകരമായി കൃഷിചെയ്യാനാകാത്തതുമായ ഭൂമികൾ ആദിവാസികളുടെ കഴുത്തിൽ കെട്ടിവയ്ക്കുകയാണെന്നും, ആദിവാസികൾക്ക് മുമ്പ് നൽകിയ ഭൂമികൾ മറ്റുള്ളവർ തട്ടിയെടുത്തിയിട്ടുണ്ടെന്നും മുഖപ്രസംഗത്തിൽ പറയുന്നു. വാസ്തവം എന്താണ്?

(1) ഈ നിയമം കയ്യേറ്റക്കാർക്ക് ഒരവകാശവും നൽകുന്നില്ല. ഭൂമി കൈവശം വച്ച് അനുഭവിച്ചുവരികയും എന്നാൽ നിയമപരമായി അംഗീകരിക്കപ്പെടാതിരിക്കുകയും ചെയ്യുന്നവർക്ക് വേണ്ടിമാത്രമുള്ളതാണ് ഈ നിയമം. അതുപോലെ നിയമവിരുദ്ധമായി ഒഴിപ്പിക്കപ്പെട്ടവർക്കും ലഭിക്കും. ഈ നിയമം ആർക്കും ഒരിഞ്ചുഭൂമിപോലും നൽകുന്നില്ല. 2005 ഡിസംബർ 13 വരെ കൈവശം വച്ച് കൃഷിചെയ്തുവരുന്നവർക്ക് അവരുടെ ഭൂമിയിൽ നിയമപരമായ അവകാശം നൽകണമെന്നുമാത്രമേ നിയമത്തിൽ വ്യവസ്ഥയുള്ളൂ. യഥാർത്ഥമായും കൈവശംവച്ചുവരുന്നവർക്കേ ഭൂമി നൽകൂ എന്നും അത് നാല് ഹെക്ടറിലധികമാകാൻ പാടില്ലെന്നും വകുപ്പ് 3(എ), 4(ബി) എന്നിവയിൽ അനുശാസിക്കുന്നുണ്ട്. പുതിയ ഭൂമി ആർക്കും നൽകുന്നില്ല. ഈ നിയമപ്രകാരം ലഭിക്കുന്ന ഭൂമി വിൽക്കാൻ പാടില്ല; പിൻഗാമികൾക്ക് അനുഭവിക്കാനേ പറ്റൂ.

(2) വനം വകുപ്പ് അവരുടെ റിക്കാർഡുകൾ മാറ്റി യാഥാർത്ഥ്യം അംഗീകരിക്കണമെന്നുമാത്രമാണ് നിയമം അനുശാസിക്കുന്നത്. വനം വകുപ്പിന്റെ രേഖകളെല്ലാം തെറ്റാണ്. അവർ "വനം" ആണെന്ന് പറയുന്ന പ്രദേശത്തിന്റെ 12 ശതമാനം ഭാഗത്ത് ഒരുകാടുമില്ല; ജനങ്ങൾ കയ്യേറി എന്നു പറയുന്ന വനത്തിന്റെ ഏഴിരട്ടിവരും ഇത്. വനം വകുപ്പിന്റേയും റവന്യുവകുപ്പിന്റേയും രേഖകൾ പലേടത്തും കടകവിരുദ്ധമാണ്. റവന്യൂ-വനം വകുപ്പുകളുടെ തർക്കത്തിൽ കിടക്കുന്ന ഭൂമി 76.6 ലക്ഷം ഹെക്ടർ വരും. കയ്യേറിയെന്ന് ഔദ്യോഗികമായി എഴുതിവച്ചിട്ടുള്ളതിന്റെ അഞ്ചിരട്ടിയാണിത്.

സംസ്ഥാനങ്ങൾ "വനം"എന്നെഴുതി വച്ചിരിക്കുന്നതിലധികവും പൊതുഭൂമിയാണ്; സർക്കാർ "കാട്" എന്നെഴുതി വച്ചു എന്നുമാത്രം. ഉത്തരഖണ്ഡിൽ കൃഷിചെയ്യാത്ത പൊതുഭൂമിയെല്ലാം, മേച്ചിൽപുറങ്ങൾപോലും, വനമാണെന്ന് 1893 ൽ ബ്രിട്ടീഷുകാർ എഴുതിവച്ചിരുന്നു. 1997ൽ ഉത്തരഖണ്ഡ് വനംവകുപ്പ് ഇതെല്ലാം തങ്ങളുടെ അധീനത്തിലാണെന്ന് വാദിച്ചു. ഉത്തരഖണ്ഡിൽ "വനം" എന്നെഴുതിവച്ചിരിക്കുന്ന പ്രദേശങ്ങളിൽ 31 ശതമാനത്തിലും വനമില്ല.

ഹിമാചൽപ്രദേശിൽ തരിശെല്ലാം വനമാണെന്ന് എഴുതിവച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിസ്തീർണ്ണത്തിന്റെ 66.4 ശതമാനം വരും ഇത്. മഞ്ഞുമൂടിക്കിടക്കുന്ന പ്രദേശങ്ങളുംമറ്റുമാകയാൽ ഇതിൽ പകുതി ഭാഗത്ത് ഒരു മരവും വളരില്ല. ഹിമാചലപ്രദേശിൽ "വനം" എന്നെ

ഴുതിവച്ചിരിക്കുന്ന പ്രദേശങ്ങളിൽ 61 ശതമാനത്തിലും വനമില്ല.

മിസോറാമിലെ ഭൂമിയിൽ 75 ശതമാനത്തിലേറെ ''വന''മായി രേഖപ്പെടുത്തിവച്ചിട്ടുണ്ട്. ഇതിൽ മൂന്നിലൊന്ന് പുനം കൃഷിക്കുപയോഗിക്കുന്ന പൊതുഭൂമിയാണ്. ഭരണഘടനയിലെ ആറാം പട്ടികപ്രകാരം ഇത് ആദിവാസി സമൂഹത്തിന്റെ പൊതുഭൂമിയാണ്.

ഒറീസയിൽ വനം സർവ്വേ നടന്നിട്ടില്ല. എന്നാലും 40 ശതമാനം ഭൂമി വനമാണെന്ന് സങ്കൽപ്പിച്ചിരിക്കുന്നു. മധ്യപ്രദേശ് സംസ്ഥാനം രൂപം കൊണ്ടപ്പോൾ 94.8 ലക്ഷം ഹെക്ടർ വരുന്ന പൊതുഭൂമിയിലധികവും സംരക്ഷിതവനമായി പ്രഖ്യാപിക്കപ്പെട്ടു. ഇതിൽ 14 ലക്ഷം ഹെക്ടറിനെച്ചൊല്ലി വനംവകുപ്പും റവന്യൂവകുപ്പും തമ്മിൽ തർക്കം നടന്നുകൊണ്ടിരിക്കുകയാണ്. ഈ തർക്കഭൂമിയിലെ കർഷകർക്ക് പട്ടയം നൽകിയിട്ടുമുണ്ട്.

ഇതിൽനിന്നൊരുകാര്യം വ്യക്തമാകുന്നു. എഡിറ്റോറിയലിൽ പറയുന്നതുപോലെ ആദിവാസികളുടെ തലയിൽ ആരും നിഷ്പ്രയോജനഭൂമി കെട്ടിവയ്ക്കാൻ പോകുന്നില്ല. നേരെ മറിച്ച് അവർ കൈവശംവച്ച് അനുഭവിച്ചുവരുന്ന ഭൂമിക്ക് രേഖാമൂലം അവകാശം ലഭിക്കുന്നുവെന്നേയുള്ളൂ.

പിൻതുടർച്ചാവകാശപ്രകാരമല്ലാതെ ഈ ഭൂമികൈമാറുന്നതിനെ നിയമം നിരോധിക്കുന്നുണ്ട്; കൈമാറുന്നത് നിയമവിരുദ്ധമാണ്. നാട്ടിൽ നിയമവിരുദ്ധമായ പലതും നടക്കുന്നുണ്ടെന്നതുകൊണ്ട് നിയമം വേണ്ടെന്ന് പറയാനാകുമോ? മോഷണവും കൊലപാതകവും അഴിമതിയുമെല്ലാം നിയമവിരുദ്ധമാണെങ്കിലും, അതൊക്കെ സംഭവിക്കുന്നു. അതിനാൽ ഇവക്കെതിരായ നിയമം വേണ്ടെന്നുപറയാൻ പറ്റുമോ? ആദിവാസികളുടെ കാര്യത്തിൽ എന്തിന്ന് മറ്റൊരു സമീപനം അവലംബിക്കണം? നിയമം ഒരു കരുമാത്രമാണ്. സമൂഹം നന്നായാൽ നിയമം നടപ്പാക്കും. നല്ലൊരു നിയമം നടപ്പാക്കുന്നില്ലെന്നതുകൊണ്ട് നിയമം ചീത്തയാണെന്നുവരുന്നില്ല.

തലമുറകൾ കഴിയുമ്പോൾ ഭൂമി തുണ്ടം തുണ്ടമായി പോകുമെന്നും ഒടുവിൽ നിഷ്പ്രയോജനമാകുമെന്നും എഡിറ്റോറിയലിൽ പറയുന്നു. അപ്പോൾ എന്തുചെയ്യണമെന്നാണ് പറയുന്നത്? ആദിവാസികൾ കൈവശം വച്ചിരിക്കുന്ന ഭൂമി ഉപേക്ഷിക്കണമെന്നാണോ പറയുന്നത്? ഈ നിയമപ്രകാരംകിട്ടുന്ന ഭൂമികൊണ്ട് ജീവിക്കാനാവില്ലെന്നും എഡിറ്റോറിയലിൽ പറയുന്നുണ്ട്. ആദിവാസികൾ ഇപ്പോൾ കൈവശം വച്ചുവരുന്ന ഭൂമി അവരുടെ ഉപജീവനത്തിന് ഉപയോഗിച്ചുവരുന്നതാണ്. പിടിച്ചു പുറത്തിറക്കിവിടുന്നതിനേക്കാൾ ഭേദമല്ലേ ഉള്ളതുകൊണ്ട് കഴിഞ്ഞുകൂടുന്നത്.

ഒരുകാര്യം ശ്രദ്ധിക്കണം. ഈ നിയമം ഭൂമിക്ക് അവകാശം നൽകുന്ന ഒന്നല്ല; വനാവകാശം അംഗീകരിക്കുന്ന നിയമമാണ്. കൃഷിക്കും വീടുണ്ടാക്കാനും മറ്റുമായി ഭൂമിക്ക് അവകാശം നൽകുന്നത് 3(എ)(ജി) വകുപ്പാണ്. എഡിറ്റോറിയൽ എന്തുകൊണ്ടാണ് ഈ അവകാശത്തെപ്പറ്റിമാത്രം പരാമർശിക്കുന്നത്. മറ്റുള്ള അവകാശങ്ങളെപ്പറ്റി എന്തുപറയുന്നു? പരമ്പരാഗതമായി അനുഭവിച്ചുവരുന്ന പ്രകൃതിവിഭവാവകാശങ്ങളെപ്പറ്റിയാണ് 3(ബി) വകുപ്പിൽ പറയുന്നത്. വനവിഭവങ്ങൾ ശേഖരിക്കാനും ഉപയോഗിക്കാനും വിൽക്കാനുമുള്ള അവകാശമാണ് 3(സി) വകുപ്പിലുള്ളത്. കന്നുകാലികളെ മേയ്ക്കുന്നതിനുള്ള അവകാശത്തെപ്പറ്റി 3(ഡി) യിലും പറയുന്നു. അങ്ങനെ ഒട്ടേറെ അവകാശങ്ങൾ നിയമത്തിൽ വിവരിച്ചിട്ടുണ്ട്. നിർഭാഗ്യമെന്നുപറയട്ടെ, എഡിറ്റോറിയൽ നിയമപരമായോ ചരിത്രപരമായോ ഒരു കാമ്പുമുള്ളതല്ല.

**സി.ആർ. ബിജോയ്**
കോയമ്പത്തൂർ

Registered: KL/CR/TCR/347/2006-08
Reg. No.3551/93/L Dis　Licensed to post without prepayment: KL/TCR/WPP-06/2006-08

പ്രതികരണം

## ഉദ്യോഗസ്ഥന്മാർ പിഴ അടച്ചുവോ?

**വി**വരാവകാശ നിയമപ്രകാരം വിവരങ്ങൾ ആവശ്യപ്പെട്ടവർക്ക് യഥാസമയം വിവരം നൽകാതിരുന്ന ഉദ്യോഗസ്ഥന്മാർക്കെതിരെ വിവരാവകാശ കമ്മീഷൻ ശിക്ഷാനടപടിയാരംഭിച്ചുവെന്നത് അത്യന്തം സന്തോഷകരമാണ്. എന്നാൽ കമ്മീഷൻ വിധിച്ചതനുസരിച്ച് ഉദ്യോഗസ്ഥന്മാർ പിഴ കെട്ടിയോ എന്നതുകൂടി അന്വേഷിച്ചറിയേണ്ടതുണ്ട്.

**സി. ജോർജ് വർഗീസ്** (ഇ-മെയിൽ)

## Statement about ownership and other particulars about newspaper Niyamasamskarakendrathinte JANANEETHI
### Form-4 (See Rule 8)

| | | | |
|---|---|---|---|
| 1. | Place of Publication | : | Thrissur |
| 2. | Periodicity of the Publication | : | Monthly |
| 3. | Language | : | Malayalam |
| 4. | Printer's Name | : | Seby J. Pullely |
| | Nationality | : | Indian |
| | Address | : | Pullely House, Muringoor P.O. Thrissur - 680316. |
| 5. | Publisher's Name | : | Seby J. Pullely |
| | Nationality | : | Indian |
| | Address | : | Pullely House, Muringoor P.O. Thrissur - 680316. |
| 6. | Editor | : | T.V. Achutha Warrier |
| | Nationality | : | Indian |
| | Address | : | Gangothri, Thaikkattussery Ollur, Thrissur-680322. |
| 7. | Name & Address of the individual who owns the News paper | : | Seby J. Pullely, Pullely House Muringoor House Thrissur - 680316. |

I, Seby J. Pullely, hereby declare that the particulars given above are true to the best of my knowledge and belief.

(Sd/-)
Publisher

Date: 28-3-2007

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ**: വാർഷികം – 50 க., ആയുഷ്കാലം – 1000 ക.